# അൽ ഹഖ്

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | സപ്തംബർ 2007 | PRIVATE CIRCULATION



മൂന്നാം പേജിൽ: സൃഷ്ടിസേവനരംഗത്ത് എറണാകുളം മജ്‌ലിസ് വീണ്ടും മാതൃകയായി

നാലാം പേജിൽ: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ; ഒരാത്മീയ സൈന്യം: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

അഞ്ചാം പേജിൽ: ഒരു റമദാൻ രാത്രിയിൽനിന്ന്



ഏഴാം പേജിൽ: പിന്നിട്ട നാളുകൾ — കെ. അബ്ദുൽ അസീസ് സാഹിബ്



എട്ടാം പേജിൽ: അവസാനം ടീം ഇന്ത്യ




# അല്ലാഹുവിന്റെ മുന്നറിയിപ്പുകൾ അവഗണിക്കാതിരിക്കുക

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**



"എണ്ണപ്പെട്ട ചില ദിനങ്ങളാണ്. ഇനി നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ അത്രയും കാലയളവിലുള്ള നോമ്പ് മറ്റു ദിവസങ്ങളിൽ അവർ പൂർത്തിയാക്കേണ്ടതാണ്. ആർക്കാണോ കഴിവുള്ളത് അവനുള്ള പ്രായശ്ചിത്തം ഒരു അഗതിക്ക് ഭക്ഷണം കൊടുക്കുക എന്നതാണ്. ഇനിയാരെങ്കിലും ഐച്ഛികമായി നന്മ ചെയ്താൽ അത് അവന് വളരെ നല്ലതാണ്. നിങ്ങളുടെ നോമ്പാചരണം നിങ്ങൾക്ക് ഗുണകരമാണ്; നിങ്ങൾ അറിയുന്നവരാണെങ്കിൽ.

"റമദാൻമാസം- ഇതിലാണ് മനുഷ്യർക്ക് മഹത്തായ സന്മാർഗ്ഗമെന്നനിലയിൽ ഖുർആൻ ഇറക്കപ്പെട്ടത്. വ്യക്തമായ ദൃഷ്ടാന്തങ്ങളെന്നനിലയിൽ, ഇതിൽ മാർഗ്ഗദർശനത്തിന്റെ വിശദീകരണവും സത്യവും അസത്യവും വേർപ്പെടുത്തിക്കാണിക്കുന്ന കാര്യങ്ങളുമുണ്ട്. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിൽ ഹാജരുണ്ടായാൽ അതിലെ നോമ്പ് നോല്ക്കുക. ആരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിനങ്ങളിൽ എണ്ണം പൂർത്തീകരിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പമാണുദ്ദേശിക്കുന്നത്. പ്രയാസം ഉദ്ദേശിക്കുന്നില്ല. അവനുദ്ദേശിക്കുന്നത് നിങ്ങൾ (സുഗമമായ നിലയിൽ) എണ്ണം പൂർത്തിയാക്കുക എന്നതാണ്. അവൻ നിങ്ങൾക്ക് നല്കിയ ഈ മാർഗ്ഗദർശനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിനെ നിങ്ങൾ വാഴ്ത്തുക; അവന് നിങ്ങൾ നന്ദി കാണിക്കുന്നതിനുവേണ്ടി" (2:185, 186).

റമദാനിൽ നോമ്പ് നിർബ്ബന്ധമാക്കപ്പെട്ടതിനെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. അതായത്, അല്ലാഹു നോമ്പ് നിർബന്ധമാക്കിയിരിക്കുകയാണ്. ഇതൊരു മുജാഹദ-അഥവാ പോരാട്ടമാണ്. മുജാഹദ തന്നെയാണ് തഖ്വ അഥവാ ഭക്തിയെ അഭിവൃദ്ധിപ്പെടുത്തുന്നത്. അങ്ങനെ മനുഷ്യന് അല്ലാഹുവിന്റെ സാമീപ്യം കൈവരുന്നു. അടുത്തവചനത്തിലുള്ളത് ഇതിന്റെ വിശദീകരണമാണ്. നിങ്ങളുടെ ശിക്ഷണത്തിനും നിങ്ങളെ ശരീരേച്ഛയോട് പോരാടുന്നവനാക്കിത്തീർക്കുന്നതിനും വേണ്ടിയാണ് എണ്ണപ്പെട്ട ഈ ചില ദിനങ്ങൾ വയ്ക്കപ്പെട്ടിട്ടുള്ളതും നിങ്ങൾക്കിത് നിർബ്ബന്ധമാക്കപ്പെട്ടിട്ടുള്ളതും. അല്ലാഹുവിന്റെ ആരാധകനായിത്തീരുക എന്നതാണ് മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം. അതായത്, ആ നില കരസ്ഥമാക്കാൻ ശ്രമിക്കുക. നോമ്പ് എല്ലാ മുസൽമാനും നിർബ്ബന്ധമായും പിടിക്കേണ്ടതാണ്. പക്ഷേ, അല്ലാഹു തന്റെ ദാസരുടെമേൽ അക്രമം പ്രവർത്തിക്കുന്നവനല്ല. ഇത് ഇന്ദ്രിയാശകളോടുള്ള പോരാട്ടമാണ്. അതുകൊണ്ട് ചിലപ്പോൾ വിഷമം സഹിക്കേണ്ടതായി വരും. എന്നാൽ, നോമ്പൊരു ദ്രോഹമല്ല. മറിച്ച്, ഭക്തി സമ്പാദിക്കാൻ ഉത്തമമായ മാർഗ്ഗമാണ്; നോമ്പ് പിടിക്കാൻ കഴിവുള്ളവർക്കാണ് അത് നിർബ്ബന്ധമാക്കിയിട്ടുള്ളത്. താല്ക്കാലികമായി എന്തെങ്കിലും നിർബ്ബന്ധത്തിനു വഴങ്ങി നോമ്പുപിടിക്കാൻ കഴിയുന്നില്ലെങ്കിൽ, ഉദാഹരണത്തിന് പെട്ടെന്ന് എവിടേക്കെങ്കിലും യാത്ര പോകേണ്ടിവരികയോ നോമ്പ് പിടിക്കാൻ സാധിക്കാത്ത നിലയിൽ രോഗം പിടിപെടുകയോ ചെയ്താൽ ***ഫഇദ്ദത്തുൻമ്മിൻ അയ്യാമിൻ ഉഖർ*** മറ്റു ദിനങ്ങളിൽ ആ എണ്ണം പൂർത്തീകരിക്കേണ്ടതാണ്.

"ഞാൻ രോഗിയായിപ്പോയി അല്ലെങ്കിൽ യാത്ര ചെയ്യേണ്ടിവന്നു അതുകൊണ്ട് ആ ദിനങ്ങളിൽ നോമ്പുപിടിക്കേണ്ട, നോമ്പ് എനിക്ക് മാപ്പാണ്" എന്ന് കരുതരുത്. നോമ്പ് മാപ്പായിട്ടില്ല. ഈമാനിൽ പുരോഗതി വേണമെന്ന ആഗ്രഹവും അല്ലാഹുവിനോട് ഭക്തിയുമുണ്ടെങ്കിൽ രോഗമോ യാത്രയോ കാരണം വിട്ട നോമ്പ് റമദാനുശേഷം പിടിച്ചുവീട്ടേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുന്നുവെങ്കിൽ ഇത് അനിവാര്യമാണ്. ഇതാണൊരു ഭക്തന്റെ അടയാളം.

അല്ലാഹു നല്കിയിരി

(ശേഷം 2-ാം പേജിൽ)

# 32-ാമത് ജർമ്മനി ജൽസാസാലാനാ വിജയകരമായി സമാപിച്ചു

**ഫ്രൻക്ഫർട്ട് മിൻഹായിം:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ജർമനിയുടെ 32-ാമത് ജൽസാസാലാനാ വിജയകരമായി സമാപിച്ചു. 25,000 അതിഥികൾ പങ്കെടുത്ത ജൽസ എം.ടി.എ മുഖേന തത്സമയം സംപ്രേഷണം ചെയ്യപ്പെട്ടിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)ന്റെ മഹനീയ സാന്നിധ്യംകൊണ്ട് ധന്യമായ ജൽസ ആഗസ്റ്റ് 31 സപ്തംബർ 1, 2 തിയ്യതികളിലാണ് മിൻഹായിയിൽ പ്രത്യേകം സജ്ജമാക്കിയ ജൽസാഗാഹിൽ അരങ്ങേറിയത്.

31-ന് തഹജ്ജുദ് നമസ്കാരത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്. ഫജ്ർ നമസ്കാരത്തിന് ഹുസൂർ നേതൃത്വം നല്കി. പതിവുപോലെ എല്ലാ ദിവസവും തഹജ്ജുദ് നമസ്കാരവും ഫജ്ർനു ശേഷം ദർസും ഉണ്ടായിരുന്നു.

ഇന്ത്യൻ സമയം 5.50-ന് ഹുസൂർ തിരുമനസ്സ് ഇസ്‌ലാമിന്റെ ശ്യാമളപതാകയും ജർമനി അമീർ അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ് ജർമൻപതാകയും ഉയർത്തിയതോടെ ജൽസക്ക് ഔപചാരിക തുടക്കമായി. അതിനുശേഷം ഹുസൂർ ദുആക്ക് നേതൃത്വം നല്കി.

ജുമുഅ ഖുത്ബയോടെ യാണ് ജൽസ പരിപാടികൾ ഉദ്ഘാടനം ചെയ്തത്.

രണ്ടാം ദിവസം ലജ്നകളെ ഹുസൂർ അഭിസംബോധന ചെയ്തു. മൂന്നാം ദിവസത്തെ സമാപന പ്രഭാഷണത്തോടെ ജൽസ സമാപിച്ചു.

വിവിധ ദിവസങ്ങളി

(ശേഷം 3-ാം പേജിൽ)

# ലൈബിരിയായിൽ പുതിയ ആശുപത്രി

**തുമൻബർഗ് (ലൈബീരിയ):** ലൈബിരിയായിലെ ബോമികൗൺസിയിലെ തുമൻബർഗിൽ അഹ്മദിയ്യാ മുസ്‌ലിം മിഷൻ നിർമ്മിച്ച പുതിയ ആശുപത്രി കെട്ടിടം ലൈബിരിയൻ വൈസ്പ്രസിഡന്റ് ജോസഫ് ബൊക്കായി രാഷ്ട്രത്തിന് സമർപ്പിച്ചു. ഏകദേശം 30 ലക്ഷത്തോളം രൂപ ചിലവുള്ള ഈ ആശുപത്രി 11 ഓളം ഇൻപേഷ്യന്റ് റൂമുകളടങ്ങിയതാണ്. ഉദ്ഘാടനച്ചടങ്ങിൽവച്ച് ജോസഫ് ബൊക്കായി ലൈബിരിയായിലെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ അഹ്മദിയ്യാ ജമാഅത്ത് നടത്തുന്ന സേവനങ്ങളെ പ്രശംസിച്ചു. ഈ പുതിയ സംരംഭവുമായി സഹകരിക്കാൻ അദ്ദേഹം ജനങ്ങളോടഭ്യർത്ഥിച്ചു. കൂടാതെ നല്ല രീതിയിൽ ഈ ആശുപത്രിയെ സഹായിക്കുവാൻ ആരോഗ്യവകുപ്പ് പ്രതിനിധികളോട് ആവശ്യപ്പെട്ടു. ലൈബിരിയായിലെ ചീഫ് മെഡിക്കൽ ഓഫീസർ സിറേമോസസ് പീവി, ബോമി കൗൺസിൽ സെനറ്റർ ലാഹലസാന, ലോഫ കൗൺസിൽ സെനറ്റർ അമാറ കേനേഹ് എന്നിവരും ചടങ്ങിൽ സംസാരിച്ചു. ലൈബിരിയായിലെ അഹ്മദിയ്യാ അമീർ- ചീഫ് മുബല്ലിഗ് മുഹമ്മദ് അക്രം ബാജ്‌വ അതിഥികളെ സ്വാഗതം ചെയ്തു. മസീഹ് മൗഊദിന്റേയും കാലത്തിന്റെ ഖലീഫയുടേയും ഉപദേശങ്ങളാൽ പ്രചോദിതരായ സമാധാനവക്താക്കളാണ് അഹ്മദികളെന്ന് ബാജ്‌വ പറഞ്ഞു. 1960-ൽ ആണ് ലൈബിരിയായിൽ അഹ്മദിയ്യാ മിഷൻ ആരംഭിക്കുന്നത്. ഇവിടെ ചില സ്ഥലങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകൾ നടത്തപ്പെടുന്നുണ്ട്.

# കറാച്ചിയിൽ അഹ്മദീ ഡോക്ടർമാർ ശഹീദാക്കപ്പെട്ടു

**കറാച്ചി:** പാക്കിസ്ഥാനിൽ അഹ്മദികളായ രണ്ടു ഡോക്ടർമാർ അക്രമികളുടെ തോക്കിന്നിരയായി ശഹീദാക്കപ്പെട്ടു. (ഇന്നാലില്ലാഹി വഇന്നാഇലൈഹിറാജിഊൻ) ഡോ. ഹമീദുല്ലാ സാഹിബും, ഡോ. ശേയ്ഖ് മുബശ്ശിർ അഹ്മദ് സാഹിബുമാണ് ശഹീദാക്കപ്പെട്ടത്. കറാച്ചിയിലെ ഹൽഖ ജമാഅത്തിന്റെ പ്രസിഡന്റായ ഡോ. ഹമീദുല്ലാ സാഹിബിനെ ക്ലിനിക്കിൽ നിന്ന് വീട്ടിലേക്ക് വരുന്ന വഴിയിൽ തട്ടിക്കൊണ്ടുപോയി വധിക്കുകയായിരുന്നു. സെപ്തംബർ 26-ന് തട്ടിക്കൊണ്ടുപോയ ഇദ്ദേഹത്തിന്റെ മൃതശരീരം രണ്ടു ദിവസത്തിനുശേഷം കണ്ടെത്തുകയാണുണ്ടായത്. ഊർജ്ജിതമായി തബ്‌ലീഗ്

(ശേഷം 5-ാം പേജിൽ)

# പ്രളയക്കെടുതിയിൽ സഹായവുമായി അഹ്മദിയ്യാ ജമാഅത്ത്

**ഘാന:** ഘാനയിലെ അപ്പർ ഈസ്റ്റ് മേഖലയിലുണ്ടായ വെള്ളപ്പൊക്കത്തിൽ കഷ്ടതയനുഭവിക്കുന്നവർക്കായി അഹ്മദിയ്യാ ജമാഅത്ത് ആശ്വാസമെത്തിച്ചു. 20 മില്യൺ ഡോളർ വരുന്ന സഹായം അഹ്മദിയ്യാ ജമാഅത്തിന്റെ അപ്പർ ഈസ്റ്റ് റീജിയൺ പ്രസിഡന്റ് അൽഹാജ് ഔസു മൂസ, ഘാനയുടെ റീജിയണൽ മന്ത്രി അൽഹസ്സൻ സമാരിയ്ക്ക് കൈമാറി. തങ്ങളുടെ സഹോദരങ്ങളെ അത്യാവശ്യഘട്ടത്തിൽ സഹായിക്കുന്നവർ മാത്രമാണ് മനുഷ്യർ എന്ന് മൂസ ചടങ്ങിൽ പറഞ്ഞു. ഫണ്ട് സ്വീകരിച്ച അൽ ഹസ്സൻ സമാരി അഹ്മദിയ്യാ ജമാഅത്ത് നല്കിയ സംഭാവനയെ വലിയരീതിയിൽ വിലമതിക്കുന്നതായി അറിയിച്ചു.

## ഹ്യൂമാനിറ്റി ഫസ്റ്റ്

**പെറു:** ആഗസ്റ്റ് 15-ന് പെറുവിലുണ്ടായ ഭൂകമ്പത്തെ ത്തുടർന്ന് അഞ്ഞൂറിലധികം ആളുകൾ മരണപ്പെട്ടു. ആയിരത്തിലധികം വീടുകൾ തകർന്നതായി കണക്കാക്കപ്പെടുന്നു. ഈ ദുരന്തത്തെ തുടർന്ന് ആദ്യ ദുരിതാശ്വാസമെത്തിച്ച സംഘടനകളിലൊന്ന് യു. എസ്.എ കേന്ദ്രീകരിച്ചുള്ള ഹ്യൂമാനിറ്റി ഫസ്റ്റ് ഘടകമായിരുന്നു. വാർത്താമാധ്യമങ്ങൾ വിട്ടുകളഞ്ഞ വിദൂര പെറുവിയൻ ഗ്രാമങ്ങളായ ചിൻച, ഐക, പെസ്കോ തുടങ്ങിയ സ്ഥലങ്ങളിലാണ് ഹ്യൂമാനിറ്റി ഫസ്റ്റ് ദുരിതബാധിതർക്ക് ആശ്വാസമെത്തിച്ചത്. ഹ്യൂമാനിറ്റിയുടെ സഹായത്തിൽ 2 ടൺ ഭക്ഷ്യവിഭവങ്ങൾ ഉൾപ്പെട്ടിരുന്നു. ഏറെകുറെ അഞ്ഞൂറിലധികം പേർക്ക് ഭക്ഷണമെത്തിക്കാൻ ഹ്യൂമാനിറ്റി ഫെസ്റ്റിന് സാധിച്ചിട്ടുണ്ടെന്ന് കരുതപ്പെടുന്നു. അമേരിക്കയിലെ മേരിലാൻഡിൽനിന്നുള്ള വളണ്ടിയർമാരാണ് പെറുവിൽ സേവനമനുഷ്ഠിച്ചത്. ഈ വളണ്ടിയർമാരെ ഹ്യൂമാനിറ്റിഫസ്റ്റ് എക്സിം ഡയരക്ടർ അഭിനന്ദിച്ചു. പെറുപോലുള്ള സ്ഥലങ്ങളിൽ ഇനിയും ഇതര എൻ.ജി.ഒ കളുമായി ചേർന്ന് ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുമെന്ന് അദ്ദേഹം പറഞ്ഞു. കൂടാതെ പെറുവിലെ ദുരിതബാധിതർക്കായി 100 ഓളം അഭയകേന്ദ്രങ്ങളും ഉടൻ ആരംഭിക്കുന്നുണ്ട്.

## തർബിയ്യത്ത് ക്ലാസ്

**കണ്ണൂർ ടൗൺ:** കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ തർബിയ്യത്ത് ക്ലാസ് നടത്തി. കെ. അബ്ദുൽ അസീസ് സാഹിബ് ക്ലാസ്സെടുത്തു. പഴയ കാല റമദാന്റെ ഓർമ്മകളും, വിശ്വാസാചാരങ്ങളും വിശദമാക്കപ്പെട്ട ക്ലാസ്സിൽ റമദാന്റെ സവിശേഷതകൾ സവിസ്തരം പ്രതിപാദിക്കപ്പെട്ടു. യോഗത്തിൽ സജിൻ നിസാർ അധ്യക്ഷം വഹിച്ചു. ഗുലാം അഹ്മദ്, നിഫാൻ, ജിജിൻ നിസാർ, റോഷൻ അഹ്മദ് തുടങ്ങിയവർ സംസാരിച്ചു.

## പ്രതിഷേധം

**മംഗലാപുരം:** സ്വീഡിഷ് ദിനപത്രമായ 'നെർക്കിസ്' പ്രസിദ്ധീകരിച്ച മുഹമ്മദ് നബി(സ)യെ അപകീർത്തിപ്പെടുത്തുന്ന കാർട്ടൂണിനെതിരെ കർണ്ണാടക അഹ്മദിയ്യാ ജമാഅത്ത് പ്രതിഷേധം രേഖപ്പെടുത്തി. കർണ്ണാടക അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസ്സ് സെക്രട്ടറി ഡോ. സയ്യദ് എ. ജവാസ് പുറപ്പെടുവിച്ച ഒരു വാർത്താകുറിപ്പിൽ സംഭവത്തെ ശക്തമായ ഭാഷയിൽ അപലപിച്ചു. യൂറോപ്പിൽ മുസ്‌ലിംകളെ കേന്ദ്രീകരിച്ച് ആക്രമണങ്ങൾ തുടങ്ങുകയാണെന്നും നബിയെ ദുഷ്ടലാക്കോടെ ചിത്രീകരിക്കുന്നത് ഇതിന്റെ ഭാഗമാണെന്നും പത്രകുറിപ്പിൽ പറയുന്നു. ഇത്തരം കാർട്ടൂണുകൾ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിലാണ് സ്വീകരിക്കപ്പെടുന്നതെന്നും എന്നാൽ, മുസ്‌ലിം ജനസാമാന്യത്തിന്റെ വികാരങ്ങളെ വ്രണപ്പെടുത്തുന്നത് തടയുന്നില്ലായെന്നും പത്രകുറിപ്പ് തുടർന്ന് പറയുന്നു. മതവിഭാഗങ്ങൾക്കിടയിൽ മനഃപൂർവ്വം അസ്വാരസ്യം ഉണ്ടാക്കുകയാണ് ഇതിന്റെയൊക്കെ ലക്ഷ്യം.

## ഖുർആൻ ദൈവികതയുടെ പ്രമാണം: അബ്ദുല്ലാ സുബൈർ



**കണ്ണൂർ ടൗൺ:** ഖുർആൻ എന്നത് ദൈവികതയുടെ പ്രമാണമാണെന്നും അതിലെ വെളിച്ചം ഹൃദയത്തിൽ സൂക്ഷിക്കേണ്ടത് ഒരു വിശ്വാസിയുടെ കടമയാണെന്നും ജനാബ് അബ്ദുല്ലാ സുബൈർ സാഹിബ് പറഞ്ഞു. റമദാനോടനുബന്ധിച്ച് കണ്ണൂർ ടൗൺ പള്ളിയിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റമദാൻ എന്നത് ഒരു വിശ്വാസിയുടെ പുനർനിർമ്മാണമാണ്. പൂർണ്ണമായും ദൈവത്തിലേക്ക് നീങ്ങുമ്പോഴാണ് വ്രതാനുഷ്ഠാനത്തിന് പൂർണ്ണത കൈവരുന്നത്. ഈ പൂർണ്ണതയാകട്ടെ യഥാർത്ഥ വിശ്വാസികൾക്ക് അവകാശപ്പെട്ടതുമാണ്. അദ്ദേഹം തുടർന്നു പറഞ്ഞു. യോഗത്തിൽ കണ്ണൂർ ജമാഅത്ത് പ്രസിഡന്റ് ബി. അബ്ദുസ്സലാം സാഹിബ് അധ്യക്ഷം വഹിച്ചു.

## വ്യാപാരത്തിന്റേയും ധനവിനിയോഗത്തിന്റേയും അടിസ്ഥാനം ഖുർആൻ: ഡോ. മുസഫർ അഹ്മദ്

**കണ്ണൂർ സിറ്റി:** വ്യാപാരത്തിന്റേയും ധനവിനിയോഗത്തിന്റേയും യഥാർത്ഥ സത്ത അതിലടങ്ങിയിരിക്കുന്ന ഖുർആനിക പരിപ്രേക്ഷ്യമാണെന്ന് ഡോ. പി. മുസഫർ അഹ്മദ് സാഹിബ് പറഞ്ഞു. കണ്ണൂർ സിറ്റിയിൽ നടന്ന റമദാൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യാപാരത്തിന്റെ നിയതമായ ചട്ടങ്ങൾ ഖുർആനിൽ പറയുന്നുണ്ട്. അതിലുപരി പൊതുജീവിതത്തിൽ നിലനിറുത്തേണ്ടുന്ന തത്വങ്ങളും ഖുർആനിൽ പ്രതിപാദിക്കുന്നു. ധനത്തിന്റെ സമ്പാദനം എപ്പോഴാണ് നിയമാനുസൃതമാകുന്നത് അപ്പോഴത് സമൂഹത്തെക്കൂടി പുനർനിർമ്മിക്കുന്നു. അദ്ദേഹം തുടർന്നു. ചടങ്ങിൽ സംസാരിച്ച മൗലവി മുഹമ്മദ് ശരീഫ് സാഹിബ് വഖ്ഫെ ആർസി പദ്ധതിയുടെ സവിശേഷതകളെക്കുറിച്ച് സംസാരിച്ചു. പദ്ധതിയിൽ ചേരുകവഴി മഹത്തായ സേവനത്തിനുള്ള അവസരമാണ് തുറക്കപ്പെടുന്നതെന്ന് അദ്ദേഹം പറഞ്ഞു. യോഗത്തിൽ കണ്ണൂർ ടൗൺ ഖായിദ് ശാജിർ അഹ്മദ് അധ്യക്ഷത വഹിച്ചു.

## നോർത്ത് ഇലാഖ സ്പോർട്സ്– കണ്ണൂരും പാലക്കാടും സംയുക്ത ചാമ്പ്യന്മാർ

**പഴയങ്ങാടി, സപ്തംബർ 9:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖ സ്പോർട്സ് ക്യാമ്പ് സപ്തംബർ 8,9 തിയ്യതികളിൽ പഴയങ്ങാടിയിൽ നടത്തി. സപ്തംബർ 8-ന് രാവിലെ ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പഴയങ്ങാടി മുബല്ലിഗ് മൗലവി ടി. എം. മുഹമ്മദ് സാഹിബ് ചടങ്ങിൽ സന്നിഹിതനായിരുന്നു. സ്പോർട്സ് ക്യാമ്പിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന പരേഡിൽ അമീർ സാഹിബ് സല്യൂട്ട് സ്വീകരിച്ചു.

രണ്ടുദിവസങ്ങളിലായി നടന്ന സ്പോർട്സിൽ തുല്യപോയന്റുകൾ കരസ്ഥമാക്കിയ കണ്ണൂർ മേഖലയും പാലക്കാട് മേഖലയും സംയുക്ത ചാമ്പ്യന്മാരായി. അലനല്ലൂർ മജ്‌ലിസിലെ ഇല്ല്യാസ് വ്യക്തിഗത ചാമ്പ്യനായും, ജുഗ്നു അഹ്മദ് ഏറ്റവും നല്ല ഫുട്ബോൾ കളിക്കാരനായും തിരഞ്ഞെടുക്കപ്പെട്ടു. കരുളായി മസ്ജിദിലെ ശരീഫ് ആണ് ഏറ്റവും നല്ല വോളിബോൾ കളിക്കാരൻ. വിജയികൾക്കുള്ള സമ്മാനങ്ങൾ അമീർ സാഹിബ് ഇലാഖ ഖാഇദ് സാഹിബ്, മൗലവി ടി.എം. മുഹമ്മദ് സാഹിബ്, മുബശ്ശിർ അഹ്മദ് സാഹിബ് എന്നിവർ വിതരണം ചെയ്തു. ഫുട്ബോൾ ഫൈനൽ മത്സരത്തിൽ മുഖ്യാതിഥിയായി എത്തിയ പഴയങ്ങാടി അൻസാറുല്ലാ സഈം മസൂദ് അഹ്മദ് സാഹിബ് കളിക്കാരുമായി പരിചയപ്പെട്ടു.

*മത്സരഫലം*

100 മീറ്റർ: (1) ഇല്ല്യാസ് അലനല്ലൂർ (2) ഫസൽ, കരുളായി (3) ഷഹസാദ്, കൂടാളി

200 മീറ്റർ: (1) ഇല്ല്യാസ് അലനല്ലൂർ (2) അമീർ, മാത്തോട്ടം (3) നദീർ, പള്ളിപ്പുറം

400 മീറ്റർ: (1) ശിബിൻ, കൂടാളി (2) സലീം, അലനല്ലൂർ (3) ജൗഹർ, മോഗ്രാൽ

ഷോട്പുട്: (1) ബശീർ, മാത്തോട്ടം (2) ദിശാൻ അഹ്മദ്, കണ്ണൂർ ടൗൺ (3) മൻസൂർ, പള്ളിപ്പുറം

ഫുട്ബോൾ: പാലക്കാട് മേഖല

വോളിബോൾ: മലപ്പുറം മേഖല

കമ്പവലി: പാലക്കാട് മേഖല

ഷട്ടിൽ: കൂടാളി മജ്‌ലിസ്.

## കേരളത്തിൽ ആദ്യത്തെ ദിവ്യസ്വപ്നം

**കേ**രളത്തിലെ ഒന്നാമത്തെ അഹ്മദി ഹദ്റത്ത് എടപ്പകത്ത് അബ്ദുൽ ഖാദർ കുട്ടി സാഹിബ്(റഹ്) 1931 സെപ്തംബർ 31-ന് തന്റെ അനുജൻ ഇ. കോയക്കുട്ടി സാഹിബിന് അയച്ച ഒരു കത്തിൽ ഇപ്രകാരം പറയുന്നു:

"നമ്മുടെ ബാപ്പ 1062 കർക്കിടകം 30-നാണ് മൗത്തായത് 1900, 1904, 1905 വരെ ജീവിച്ചിരുന്നുവെങ്കിൽ എന്റെ ബാപ്പയും അഹ്മദി ആകുമായിരുന്നു. കാരണം എന്റെ ബാപ്പാന്റെ ആത്മീയശക്തിയുടെ മാർഗ്ഗത്തിൽ കൂടിയാകുന്നു ഞാൻ അഹ്മദി ആകാനുള്ള കാരണം. മസീഹ് മൗഊദിന്റെ രണ്ടുമൂന്ന് കിത്താബുകൾ ഞാൻ വായിച്ചതിൽ പിന്നെ, 1901-ൽ കണ്ടിരുന്ന ഒരു കിനാവിൽ എന്റെ അടുക്കൽ മൂന്നാൾ വന്നു. രണ്ടാൾ രണ്ടു ഭാഗത്തിലും ഒരാൾ നടുവിലായിട്ടും നിന്നു. അതിൽ ഒരാളെ മാത്രം എനിക്ക് മനസ്സിലായി. ഇത് എന്റെ ബാപ്പയാണെന്നും ബാക്കി രണ്ടാളെ അപ്പോൾ മനസ്സിലായിട്ടില്ല. എന്റെ ബാപ്പ ആ നടുവിലുള്ള ആളോട് എന്നെ ചൂണ്ടികാണിച്ചുകൊണ്ട് പറഞ്ഞു: ഇത് എന്റെ മകനാണ്. ഇവനു 'നസീഹത്ത്' ചെയ്യുക. അപ്പോൾ നടുവിൽ നിന്നിരുന്ന ആൾ എന്നോടു പറഞ്ഞു:

"അതിൽപിന്നെ ഞാൻ ഉണർന്നുപോയി. അപ്പോൾ തന്നെ മേപ്പടി ഇബാറത്ത് മതിലിന്മേൽ പെൻസിൽ കൊണ്ട് എഴുതിവെച്ചു. അതിൽപിന്നെ എനിക്ക് ഒരു ഫോട്ടോ കിട്ടി. അതിൽ ആളുടെ പേർ ഉണ്ടായിരുന്നില്ല. അത് എന്നോട് നെസീഹത്ത് ചെയ്ത ആളുടെ ഫോട്ടോ ആയിരുന്നു. പിന്നെ അന്വേഷിച്ചപ്പോൾ അത് മസീഹ് മൗഊദിന്റെ തസ്‌വീറാകുന്നു. കുറച്ചു നാളുകൾക്കു ശേഷം മൂന്നാമത്തെ ആളുടെ തസ്‌വീറിനേയും കണ്ടെത്തിച്ചു."

(മർഹൂം എൻ ഹാമിദ് സാഹിബിന്റെ ഡയറിയിൽനിന്ന്) (സത്യദൂതൻ)

ഈ സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ്. അബ്ദുൾ ഖാദിർകുട്ടി സാഹിബ് വാഗ്ദത്ത മസീഹിന് ബയ്അത്ത് ചെയ്തത്.)

– സത്യദൂതൻ 1991 ഫിബ്രുവരി ലക്കം

(1-ാം പേജിൽനിന്ന്)

ക്കുന്ന ഇളവിൽനിന്ന് ഫലമെടുക്കുന്നവരായിത്തീരുന്നത് അവൻ പറഞ്ഞ അവസ്ഥയനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. എന്നാൽ, രോഗം യഥാർത്ഥത്തിൽ ബുദ്ധിമുട്ടിക്കുന്ന രോഗമായിരിക്കണമെന്ന കാര്യം ഓർക്കുക. നോമ്പ് പിടിക്കുന്നത് പ്രയാസമായി അനുഭവപ്പെടുന്ന രോഗമായിരിക്കണം. ഒഴികഴിവ് പറഞ്ഞ് നോമ്പ് പിടിക്കാതിരിക്കരുത്. ചിലരുടെ ജോലി യാത്രയാണെന്നിരിക്കട്ടെ, ഉദാഹരണത്തിന് ഡ്രൈവർ. അല്ലെങ്കിൽ വ്യാപാരാവശ്യത്തിനും വ്യവസായികാവശ്യത്തിനുമായി എവിടെയെങ്കിലും ദീർഘമായി യാത്ര ചെയ്യേണ്ടിവരുന്നവർ. അവരുടേത് യാത്രയല്ല. നോമ്പ് പിടിക്കാതിരിക്കാൻ എന്തെങ്കിലും പോംവഴിയുണ്ടോ എന്ന് ആവശ്യമില്ലാതെ തിരഞ്ഞുനടക്കുന്നവർ കാലാവസ്ഥ കഠിനമായിട്ടുള്ള രാജ്യങ്ങളിലുള്ളതുകൊണ്ടാണ് ഞാനിത് തുറന്നുപറയുന്നത്. ആത്മീയവും ധാർമ്മികവുമായ ബലഹീനതകളിൽനിന്ന് രക്ഷപ്പെടാനുള്ള അവസരം അല്ലാഹു ഈ ദിനങ്ങളിൽ നമുക്ക് നല്കിയിരിക്കുകയാണ്. അതുകൊണ്ട് ഇതിനെ പൂർണ്ണമായും പ്രയോജനപ്പെടുത്തണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നോമ്പ് പിടിക്കാൻ ഒരിക്കലും സാധിക്കാത്തവർക്കുവേണ്ടിയാണ് ഫിദ്‌യ. രോഗത്തിൽനിന്ന് മുക്തി നേടി നോമ്പ് പിടിക്കാൻ യോഗ്യനായിത്തീരുന്നവൻ ഫിദ്‌യെക്കുറിച്ച് മാത്രം ചിന്തിക്കുന്നത്, നിഷിദ്ധമായ കാര്യം ചെയ്യാനുള്ള വാതിൽ തുറന്നുവയ്ക്കലാണ്. അതായത്, പിന്നീട് അനുവദനീയവും അല്ലാത്തതുമായ കാര്യങ്ങൾ സ്വന്തം നിലയിൽ തീരുമാനിക്കാൻ തുടങ്ങും. ഏതൊരു മതത്തിലാണോ ശരീരേച്ഛയോടുള്ള പോരാട്ടമില്ലാത്തത് ആ മതം നമ്മുടെ ദൃഷ്ടിയിൽ ഒന്നുമല്ല. ഇപ്രകാരംതന്നെ അല്ലാഹു വെച്ചിട്ടുള്ള ഉത്തരവാദിത്തങ്ങളെ തലയിൽനിന്നൊഴിവാക്കുന്നത് കഠിനമായ പാപമാണ്. അല്ലാഹു പറയുന്നു ആരാണോ എന്റെ വഴിയിൽ പോരാടുന്നത് അവർക്കാണ് സന്മാർഗ്ഗം നല്കപ്പെടുന്നത്."

റമദാൻ വന്നുവെന്നോർത്ത് സന്തോഷിക്കുകയും അതിൽ നോമ്പ് പിടിക്കണമെന്ന് പ്രതീക്ഷിച്ചിരിക്കുകയും ചെയ്ത വ്യക്തി അത് വന്നപ്പോൾ രോഗം കാരണം പിടിക്കാൻ കഴിയാത്ത അവസ്ഥയിലായാൽ അവൻ ദൈവികസവിധത്തിൽ നോമ്പിന്റെ അനുഗ്രഹത്തിൽനിന്ന് പിന്തള്ളപ്പെടുന്നില്ല. ഈ ലോകത്ത് ഒരുപാടാളുകൾ ഒഴികഴിവ് പറഞ്ഞ് മാറിനില്ക്കുന്നവരാണ്. അവർ വിചാരിക്കുന്നത് മനുഷ്യരെ വഞ്ചിക്കുന്നതുപോലെ അല്ലാഹുവിനേയും വഞ്ചിക്കാൻ കഴിയുമെന്നാണ്. ഒഴികഴിവ് തിരഞ്ഞുനടക്കുന്നവർ ഏത് കാര്യത്തിലും മനഃകല്പിത ന്യായം തേടി നടക്കുന്നവരാണ്. ദുർന്ന്യായങ്ങൾ കൂട്ടിക്കലർത്തി തന്റെ അഭിപ്രായം ശരിയെന്ന് അവർ കരുതു

(3-ാം പേജിൽ)

# ലോകത്തെ കുറ്റമറ്റതാക്കുക: പ്രിൻസ് ബോല അജിബോല

**ലാഗോസ്:** പാർശ്വവല്ക്കരണത്തിന് വിധേയമാക്കപ്പെടാതെ സമൂഹത്തിന്റെ മുഖ്യധാരയിൽ വർത്തിച്ചുകൊണ്ട് മാനവികതയെ മെച്ചപ്പെടുത്താൻ ലാഗോസിലെ മുൻ അറ്റോർണിജനറലും, നീതിന്യായവകുപ്പു മന്ത്രിയുമായ പ്രിൻസ് ബോല അജിബോല രാജ്യത്തെ മുസ്‌ലിംകളോട് അഭ്യർത്ഥിച്ചു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 91-ാമത് വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുസ്‌ലിംലോകം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മാത്രം ചർച്ച ചെയ്യാതെ ഈ പ്രശ്നങ്ങൾക്കെതിരായ പരിഹാരങ്ങൾ മുസ്‌ലിംകൾ കാണേണ്ടതാണെന്ന് അജിബോല തുടർന്ന് പറഞ്ഞു. ഇസ്‌ലാം അവതരിപ്പിച്ച അഞ്ച് സുപ്രധാന തത്ത്വങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. പരസ്പര ബന്ധത്തിൽ പുലർത്തേണ്ടുന്ന ക്ഷമയും, സഹിഷ്ണുതയും ഇസ്‌ലാമിക പ്രബോധനത്തിന്റെ ഘടകങ്ങളാണ്. ഈ ഘടകങ്ങൾ പ്രത്യക്ഷവല്ക്കരിക്കുന്നതിൽ പരാജയപ്പെടുമ്പോഴാണ് മുസ്‌ലിംകൾ പരാജയപ്പെടുന്നത്. മുസ്‌ലിം പ്രതിഭകൾ മധ്യകാലഘട്ടങ്ങളിൽ നേടിയ ശാസ്ത്ര-സാങ്കേതിക മികവ് ആധുനികകാലത്തേക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കാത്തതും ഇതുകൊണ്ടുതന്നെയാണ്. ലാഗോസിൽ സ്കൂളുകളും ആശുപത്രികളും നിർമ്മിച്ചുകൊണ്ട് ജീവകാരുണ്യ-വിദ്യാഭ്യാസ മേഖലകളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നടത്തുന്ന പ്രവർത്തനങ്ങളെ അജിബോല പ്രകീർത്തിച്ചു. അഹ്മദിയ്യാ പ്രസ്ഥാനം പുലർത്തുന്ന ദീർഘദൃഷ്ടിയുടെ തെളിവായി ഇദ്ദേഹം ഇക്കാര്യങ്ങളെ എടുത്തുപറഞ്ഞു. ലാഗോസിലെ അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ മുഖ്യ രക്ഷാധികാരിയായി ജി.കെ. അനിമാഷാപുനെയും, ദേശീയ പ്രസിഡന്റായി അൽഹാജ് ലുക്മാൻ അസിബിയിയേയും തിരഞ്ഞെടുത്തു.

(2-ാം പേജിൽനിന്ന്)

ന്നു. പക്ഷേ, അല്ലാഹുവിന്റെ പക്കൽ ഇത് ശരിയല്ല. ദുർന്ന്യായത്തിന്റെ കവാടം വളരെ വിശാലമാണ്. മനുഷ്യൻ വിചാരിച്ചാൽ ദുർന്ന്യായം പറഞ്ഞ് ആയുസ്സ് മുഴുവൻ ഇരുന്ന് നമസ്കരിക്കാനും അവന് കഴിയും. റമദാനിലെ നോമ്പ് പിടിക്കാതിരിക്കുകയും ചെയ്യാം. എന്നാൽ, അല്ലാഹു സത്യസന്ധനും ആത്മാർത്ഥതയുള്ളവനുമായ വ്യക്തിയുടെ ഉദ്ദേശ്യത്തേയും തീരുമാനത്തേയും അറിയുന്നവനാണ്. അവന്റെ മനസ്സിൽ വേദനയുണ്ടെന്ന് അല്ലാഹുവിന്നറിയാം. അതുകൊണ്ട് പ്രതിഫലത്തേക്കാൾ കൂടുതൽ അല്ലാഹു അവന് നല്കുന്നു. ഹൃദയവേദന, വിലമതിക്കപ്പെട്ട കാര്യമാണ്. ദുർന്ന്യായവുംകൊണ്ട് നടക്കുന്നവൻ വിശദീകരണത്തെ ആശ്രയസ്ഥാനമാക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ പക്കൽ അതിന്നൊരു വിലയുമില്ല. ഹദ്റത്ത് മസീഹ് മൗഊദ (അ) പറഞ്ഞു: ''ഞാൻ ആറുമാസം തുടർച്ചയായി നോമ്പ് പിടിച്ചപ്പോൾ നബിമാരുടെ ഒരു സമ്മാനം ജാഗ്രദർശനത്തിൽ എനിക്ക് കിട്ടി. എന്തിനാണ് നിങ്ങളുടെ ശരീരത്തെ ഇങ്ങനെ പീഡിപ്പിക്കുന്നതെന്ന് ചോദിക്കുകയും അതിൽനിന്ന് വെളിയിൽ വരിക എന്ന് അവർ പറയുകയും ചെയ്തു.'' പറയുന്നു: ''ഇങ്ങനെ മനുഷ്യൻ, തന്നെ സ്വയം അല്ലാഹുവിനുവേണ്ടി പീഡിപ്പിക്കുമ്പോൾ അവൻ മാതാപിതാക്കളെപ്പോലെ കരുണ കാണിച്ചുകൊണ്ട് നീ എന്തിനിങ്ങനെ വിഷമത്തിൽ കിടക്കുന്നുവെന്ന് ചോദിക്കുന്നു.'' ഇതാണ് യഥാർത്ഥ ആത്മാവ്. ഇതിനു വിധേയമായി നോമ്പ് പിടിക്കേണ്ടതാണ്. ഓരോ അഹ്മദിയും ഓരോ മുഅ്മിനും ഈ ആത്മാവും ഈ വികാരവും തങ്ങളിലുണ്ടാക്കാൻ പരിശ്രമിക്കേണ്ടതാണ്. ഒഴികഴിവ് തിരയുന്നതിൽനിന്ന് അകന്നു നില്ക്കേണ്ടതുമാണ്.

ഖുർആനെ വിശ്വസിക്കുന്നത് നമ്മുടെ ഭാഗ്യമാണ്. അത് സത്യത്തിൽ നിലകൊള്ളുന്നുവെന്നതിന് എല്ലാത്തരം തെളിവുകളും നല്കുന്നുണ്ട്. അതെന്തുകൊണ്ട് അവസാനത്തേതും തികവുറ്റതുമായി എന്നതിനുള്ള തെളിവും നല്കുന്നുണ്ട്. നിരർത്ഥകമായതിനെ നിരർത്ഥകമെന്നു പറഞ്ഞ് തള്ളുക മാത്രമല്ല മറിച്ച്, അതിനുള്ള തെളിവുകളും സമർപ്പിക്കുന്നു. അത്തരം ഗ്രന്ഥം കിട്ടിയ നിങ്ങൾ അല്ലാഹുവിന്റെ ദാസരായിത്തീരാൻ കൂടുതൽ പരിശ്രമിക്കേണ്ടതാണ്. ദാസരാകാനുള്ള നിലവാരം ഉയർത്താൻവേണ്ടി അല്ലാഹു നിങ്ങൾക്കുതന്ന മാർഗ്ഗത്തിലൂടെ പ്രവർത്തിക്കേണ്ടതാണ്. അതിലൊന്ന് റമദാനിലെ നോമ്പ് പിടിക്കുക എന്നതാണ്. ഈ നോമ്പ് കാരണം ആത്മീയമായ നിലവാരം വർദ്ധിക്കുകയും, അല്ലാഹുവിന്റെ സാമീപ്യം കിട്ടുകയും ചെയ്യുമ്പോൾ അവന്ന് അധികമധികമായി കീർത്തനം ചെയ്യുക. അവനാണ് നിങ്ങളോട് ഔദാര്യം ചെയ്ത് അവന്റെ തൃപ്തി കരസ്ഥമാക്കാൻ പരിശ്രമിക്കുന്നവരുടെ കൂട്ടത്തിൽ നിങ്ങളെ പ്രവേശിപ്പിച്ചത്. ഖുർആനെ സംശയദൃഷ്ടിയോടെ നോക്കിക്കാണുന്നവരിൽ നമ്മെ ഉൾപ്പെടുത്തിയില്ല. അതിന്റെ കല്പനകൾ കണ്ടിട്ട് അന്ധരായി കടന്നുപോകുന്നവരിലും പെടുത്തിയില്ല. മറിച്ച്, അതിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരിലാണ് നമ്മെ പെടുത്തിയിട്ടുള്ളത്. ഇതിന് നന്ദി കാണിച്ചുകൊണ്ട് നാം ഖുർആനിക കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ഖുർആനിൽ അല്ലാഹു ഇറക്കിയ അനുഗ്രഹം പ്രാപിക്കുകയും റമദാനിലെ നോമ്പ് അല്ലാഹുവിന്റെ കല്പനയനുസരിച്ച് പൂർത്തീകരിക്കുന്നവരാകുകയും ചെയ്യുമ്പോൾ അവൻ തന്റെ വാഗ്ദാനമനുസരിച്ച് നമുക്ക് കൂടുതൽ നന്മ ചെയ്യാൻ സൗഭാഗ്യം നല്കും. അങ്ങനെ നോമ്പിന്റെ അതിരില്ലാത്ത പ്രതിഫലം നമുക്ക് ലഭിക്കുന്നതാണ്. റമദാൻ മാസത്തെ ഈ വശത്തൂടെയും ശ്രദ്ധിക്കേണ്ടതാണ്. അതായത്, അല്ലാഹു ഖുർആനെ തികവുറ്റതും പരിപൂർണ്ണവുമെന്ന നിലയിൽ നമ്മളിൽ ഇറക്കി എന്നുമാത്രമല്ല, മറിച്ച് ഓരോ വർഷവും ഈ കാര്യം

(5-ാം പേജിൽ)



ഖാദിയാനിലെ മസ്ജിദ് നൂർ

# സൃഷ്ടിസേവനരംഗത്ത് എറണാകുളം മജ്‌ലിസ് വീണ്ടും മാതൃകയായി

*ബി.എ. മുഹമ്മദ് നജീബ്*

**എറണാകുളം:** സംസാരശേഷിയുണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ, ആ മിണ്ടാപ്രാണി അഹ്മദികൾക്കും ഫയർഫോഴ്സ് ജീവനക്കാർക്കും ഒരായിരം നന്ദി പറഞ്ഞേനെ. കാരണം അഹ്മദിയുവാക്കളുടെ സന്ദർഭോചിതമായ പ്രവൃത്തികൊണ്ടാണല്ലോ അതിന് ജീവിതത്തിലേക്ക് തിരിച്ചുവരാനായത്. റെയിൽവേയുടെ അശ്രദ്ധമൂലം ജീവൻ അപകടത്തിലായ ആട്ടിൻകുട്ടിക്കാണ് അഹ്മദികളുടെ സന്നദ്ധപ്രവർത്തനത്തിലൂടെ ജീവൻ തിരിച്ചുകിട്ടിയത്. സപ്തംബർ 9-ാം തിയ്യതി ഉച്ചയ്ക്കാണ് സംഭവത്തിന്റെ തുടക്കം. സ്ഥലം എറണാകുളം മസ്ജിദ് ഉമറിന് ഏതാനും വാര അകലെയുള്ള വീക്ഷണം റോഡ്. ഇവിടെ റെയിൽവേ മേൽപാലത്തിനു സമീപം അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്ന ഇരുമ്പ് ബീമുകൾക്കിടയിലാണ് ആ പാവം ആട്ടിൻകുട്ടി വീണുപോയത്. റെയിൽവേ ലൈനിനോട് ചേർന്നുള്ള ഭൂമിയിൽ ഏതാനും വർഷങ്ങൾക്ക് മുമ്പ് നിർമ്മാണപ്രവർത്തനങ്ങൾക്കായി മെറ്റലും ഇരുമ്പ് ബീമുകളും മറ്റും കൂട്ടിയിട്ടതോടെ വഴി പൂർണ്ണമായും അടയുകയും ഇവിടെ താമസിക്കുന്നവർ പ്രയാസമനുഭവിച്ച് വരികയുമാണ്. നാട്ടുകാർ ഇതേക്കുറിച്ച് പരാതിപ്പെട്ടെങ്കിലും പരിഹാരമുണ്ടായില്ല. തുരുമ്പെടുത്ത് തുടങ്ങിയ ഈ സാമഗ്രികൾക്കിടയിലേക്കാണ് ആട്ടിൻകുട്ടി അകപ്പെട്ടുപോയത്. ഭയന്നുവിറച്ച് ദയനീയമായി കരഞ്ഞുകൊണ്ടിരുന്ന അതിനെ രക്ഷിക്കാൻ പ്രയാസമാണെന്നു കണ്ടപ്പോൾ നാട്ടുകാർ പിന്മാറി. ഈ രംഗം കണ്ട എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബിന്റെ മാതാവ് ഉടൻതന്നെ വിവരം പള്ളിയിൽ അറിയിച്ചു. അമീർ സാഹിബ് ഉടനെ ഏതാനും ഖാദിമീങ്ങളുമായി സംഭവസ്ഥലത്ത് എത്തിച്ചേർന്നു. എന്നാൽ, ആടിനെ രക്ഷിക്കാനുള്ള ഖാദിമീങ്ങളുടെ ശ്രമം വിഫലമായപ്പോൾ ഉടനെ ഫയർഫോഴ്സിൽ വിവരമറിയിച്ചു. ഫയർ ഫോഴ്സ് ജീവനക്കാർ എത്തിച്ചേർന്ന് അവരുടെ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഇരുമ്പ് ബീമുകൾ അകറ്റി ഒടുവിൽ ആ സാധുമൃഗത്തെ പുറത്തെടുത്തു. അല്പനേരം ഫയർഫോഴ്സുകാരുടേയും മറ്റും പരിലാളന ഏറ്റുവാങ്ങിയ ആ മിണ്ടാപ്രാണി ഒടുവിൽ ജീവൻ തിരിച്ചുകിട്ടിയ സന്തോഷത്തിൽ എങ്ങോട്ടോ ഓടിമറഞ്ഞു. ശ്രമദാനത്തിൽ പങ്കാളികളായ ഫയർ ഫോഴ്സ് ജീവനക്കാർക്ക് തൊട്ടടുത്ത അഹ്മദീ ഗൃഹത്തിൽനിന്നും ശീതളപാനീയങ്ങൾ നല്കുകയും അമീർ സാഹിബ് അവർക്ക് നന്ദി പറയുകയും ചെയ്തു. റയിൽവേയുടെ അശ്രദ്ധമൂലം ജനങ്ങളും മറ്റും അനുഭവിക്കുന്ന പ്രയാസങ്ങൾ അമീർ സാഹിബ് പത്രലേഖകരുടെ ശ്രദ്ധയിൽപ്പെടുത്തി. അഹ്മദികളുടെ ചിത്രസഹിതം പ്രമുഖപത്രങ്ങൾ ആട് സംഭവത്തെക്കുറിച്ചുള്ള വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഈ സംഭവത്തിലൂടെ നാട്ടുകാരുടെ പ്രയാസങ്ങൾ ഒരിക്കൽകൂടി അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞതിൽ എറണാകുളത്തെ ഖാദിമീങ്ങൾ സന്തുഷ്ടരാണ്. യുവാക്കളുടെ സേവനതല്പരതയിൽ ഇലാഖാ ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് സന്തോഷം പ്രകടിപ്പിച്ചു. സൃഷ്ടിസേവനരംഗത്ത് പല അഹ്മദിയുവാക്കളും നമ്മുടെ മൗലവിമാരും

(ശേഷം 5-ാം പേജിൽ)




*എറണാകുളം പുല്ലേപ്പടി മേൽപ്പാലത്തിനു സമീപം പാളത്തിനടുത്ത് റെയിൽവേ കൂട്ടിയിട്ടിരുന്ന ബീമുകൾക്കിടയിൽ കുടുങ്ങിയ ആടിനെ അഗ്നിസേന എത്തി രക്ഷപ്പെടുത്തുന്നു.*

(1-ാം പേജിൽനിന്ന്)

ലായി മൗലാനാ അബ്ദുൽ ഗഫ്ഫാർ സാഹിബ് മുബല്ലിഗ് ജർമനി (ആരാധനയുടെ സൗന്ദര്യം), മൗലാനാ ഹൈദർഅലി സഫർ സാഹിബ് മുബല്ലിഗ് ഇൻചാർജ് ജർമനി (സന്തോഷപ്രദമായ കുടുംബജീവിതം), മൗലാനാ അശ്റഫ് സിയാ സാഹിബ് മുബല്ലിഗ് ബൾഗേറിയ (ദഅ്വത്തെ ഇലല്ലായും നമ്മുടെ ഉത്തരവാദിത്വങ്ങളും), മൗലാനാ മുഹമ്മദ് ഇല്യാസ് മുനീർ സാഹിബ്, മുബല്ലിഗ് ജർമനി (അൽവസിയ്യത്തിന്റെ മധുരഫലങ്ങൾ), മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, നാസിർ ഇസ്‌ലാഹോ ഇർശാദ് ഖാദിയാൻ (ഖിലാഫത്ത് ശതവാർഷികവും നമ്മുടെ ഉത്തരവാദിത്വങ്ങളും), ജനാബ് അബ്ദുല്ലാഹ് വാഗസ് ഹാഉസർ, അമീർ ജർമനി (ഇസ്‌ലാമും സമൂഹോദ്ഗ്രഥനവും), ജനാബ് മഹ്മൂദ് അഹ്മദ് മജ്ജൂക (വിശുദ്ധ ഖുർആന്റെ സംരക്ഷണത്തെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ), മൗലാനാ ശംശാദ് അഹ്മദ് ഉമർ, മുബല്ലിഗ് ജർമനി (ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവിധ മതങ്ങളിൽ), ജനാബ് ഹിദായത്തുല്ലാഹ് ഹാബുശ് (നബി(സ) ലോകത്തിന് നല്കിയ സംഭാവനകൾ) എന്നിവർ പ്രസംഗിച്ചു. എല്ലാ ദിവസവും ചോദ്യോത്തരവേദിയും ഉണ്ടായിരുന്നു.

ലജ്ന സെഷനിൽ ഖുർറത്തുൽ അയ്ൻ ഗർദേസി സാഹിബ ലജ്ന നാഷണൽ സെക്രട്ടറി തബ്‌ലീഗ് (ഹദ്റത്ത് ഖദീജ(റ)യുടെ ചരിത്രം), സൗബാരിയ അഹ്മദ് സാഹിബ, ലജ്ന നാഷണൽ തഅ്‌ലീം സെക്രട്ടറി (കുടുംബജീവിതവും സ്ത്രീകളുടെ കടമകളും) എന്നിവർ പ്രസംഗിച്ചു. കൂടാതെ അഹ്മദിയ്യത്ത് സ്വീകരിച്ചതിനെക്കുറിച്ച് നവഅഹ്മദി സ്ത്രീകളുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു.

ജൽസയുടെ പരിപാടികൾ എം.ടി.എ തത്സമയം സംപ്രേഷണം ചെയ്തിരുന്നു. സമാപന പ്രഭാഷണത്തിൽ ഹുസൂർ ലോകത്തുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽനിന്ന് പാഠമുൾക്കൊള്ളാനും കാലത്തിന്റെ ദൈവികശബ്ദത്തെ തിരിച്ചറിയാനും ലോകത്തെ ആഹ്വാനം ചെയ്തു.

അൽ ഹഖ്
AHMADIYYA NEWS BULLETTIN
സെപ്തംബർ 2007 റമദാൻ

# കണ്ടറിയാത്തവർ കൊണ്ടറിയും

'**കാ**ക്ക കണ്ടറിയും, കോഴി കൊണ്ടറിയും' എന്നത് ഒരു പഴമൊഴി. ഈ പഴമൊഴിയെ അന്വർത്ഥമാക്കുന്ന തരത്തിലേക്കാണോ പാക്കിസ്ഥാന്റെ പോക്ക് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ പ്രവാചകന്മാരേയും അനുയായികളേയും ഉപദ്രവിച്ച സമൂഹങ്ങൾക്കെല്ലാം നാശമാണുണ്ടായിട്ടുള്ളതെന്ന് വിശുദ്ധഖുർആൻ വിവരിച്ചുതരുന്നുണ്ട്. ഈ ചരിത്രവസ്തുതകൾ ഖുർആനിലൂടെ നിത്യവും പാരായണം ചെയ്യുന്ന സമുദായത്തിലെ ആളുകളാണ് ഇപ്പോൾ പാക്കിസ്ഥാനിൽ അക്രമത്തിന്റേയും അരാചകത്വം സൃഷ്ടിക്കുന്നവരുടേയും വക്താക്കളായി മാറിയിരിക്കുന്നത്.

ഈ കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവായി വന്ന പ്രവാചകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ശിഷ്യഗണത്തെ പാക്കിസ്ഥാനിലെ മുല്ലമാർ ആക്രമണത്തിന് കുറിമാനമാക്കിയിട്ട് നാളുകളേറെയായി. അല്ലാഹു തന്റെ പ്രവാചകനേയും അദ്ദേഹത്തിന്റെ ശിഷ്യഗണത്തേയും ബുദ്ധിമുട്ടിക്കുന്നത് ഒരിക്കലും പൊറുപ്പിക്കുകയില്ല. പക്ഷേ, അല്ലാഹു ശിക്ഷയിറക്കുന്നതിനു മുമ്പേ സൂചനകൾ നല്കുക പതിവാണ്. ഈ സൂചനകൾ കണ്ട് കാര്യങ്ങൾ മനസ്സിലാക്കി അവർ തൗബാ ചെയ്യുന്നതിന് വേണ്ടിതന്നെ.

പാക്കിസ്ഥാന്റെ കാര്യത്തിൽ നിരവധി മുന്നറിയിപ്പുകൾ അല്ലാഹു നല്കിക്കഴിഞ്ഞു. ആദ്യമാദ്യം ആക്രമണത്തിന് നേതൃത്വം നല്കിയവരെ മാത്രം അല്ലാഹു തന്റെ വിധിക്ക് വിധേയമാക്കി. സുൽഫിക്കർ അലിഭൂട്ടോ, സിയാഉൽഹഖ്, ബേനസീർ ഭൂട്ടോ, നവാസ് ശെരീഫ് എന്നിങ്ങനെ പോകുന്നു ആ പട്ടിക. പക്ഷേ, മുല്ലമാർ ഇത് കണ്ട് കാര്യം മനസ്സിലാക്കുന്നില്ല. അവർ അഹ്മദികളുടെ നേർക്കുള്ള വിഷം ചീറ്റലും ആക്രമണവും തുടർന്നു. അപ്പോൾ അല്ലാഹു സമൂഹങ്ങളെ ഒന്നടങ്കം ബാധിക്കുന്ന ശിക്ഷകളാൽ മുന്നറിയിപ്പ് നല്കാനാരംഭിച്ചു. 2005-ലെ നോമ്പുകാലത്ത് സുബ്ഹി നമസ്കാരം നിർവ്വഹിച്ചുകൊണ്ടിരുന്ന അഹ്മദികളെ പള്ളിയിൽ കയറി വിവേചനരഹിതമായി വെടിവെച്ച് കൊലപ്പെടുത്തിയതും, അതിനെ തുടർന്ന് പാക്കിസ്ഥാനെ അട്ടിമറിച്ച ഭൂകമ്പമുണ്ടായതും നാം കണ്ടതാണ്. അടിച്ചമർത്തപ്പെട്ടവരുടെ കരളലിയിപ്പിക്കുന്ന പ്രാർത്ഥനകൾ അല്ലാഹു കേട്ടു. എന്നാൽ, മുല്ലമാർ അതൊക്കെ പെട്ടെന്ന് മറന്നു. ഇപ്പോൾ ഈ പരിശുദ്ധ റമദാൻ മാസത്തിൽ രണ്ട് അഹ്മദി ഡോക്ടർമാരെ മുല്ലമാരുടെ അനുയായികൾ വെടിവെച്ച് ശഹീദാക്കിയിരിക്കുന്നു. അല്ലാഹു എങ്ങനെ പ്രതികരിക്കുമെന്ന് ആർക്കെന്തറിയാം? അക്രമികളായ സമൂഹത്തെ മറ്റൊരു സമൂഹത്തെ ഉപയോഗിച്ച് തകർക്കാൻ അല്ലാഹുവിനാകും. പാക്കിസ്ഥാനിലെ ഇന്നത്തെ അവസ്ഥ സ്ഫോടനാത്മകം തന്നെയാണ്. പ്രസിഡന്റ് തിരഞ്ഞെടുപ്പോടെ ആ രാജ്യത്ത് ഒരു ആഭ്യന്തര കലാപം തന്നെയുണ്ടായേക്കാം. ഈ തക്കം നോക്കിയിരിക്കുകയാണ് പാശ്ചാത്യർ. മുല്ലമാരുടെ ഈ ഗുണ്ടാസംഘത്തിന്റെ വിധി പാശ്ചാത്യരുടെ കൈകൊണ്ടായിരിക്കുമോ? കാത്തിരുന്നുകാണാം. ഏതായാലും കണ്ടറിയാത്തവർ കൊണ്ടുതന്നെയറിയും. പാക്കിസ്ഥാനിലെ സാധാരണക്കാരായ മുസ്‌ലിം സമൂഹത്തിനുവേണ്ടി പ്രാർത്ഥിക്കാൻ മാത്രമേ നമുക്കാവൂ.

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ; ഒരാത്മീയ സൈന്യം

## ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



അഹ്മദിയ്യാ ജമാഅത്തിലെ 15 മുതൽ 40 വയസ്സുവരെ പ്രായമുള്ള യുവാക്കളുടെ പ്രത്യേക ഘടകമാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ. 1938-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ- മുസ്‌ലിഹ് മൗഊദ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ആണ് ഈ മഹത്തായ യുവജനസംഘടനയ്ക്ക് ജന്മം നല്കിയത്. ലോകാടിസ്ഥാനത്തിൽ ഒരേക നേതൃത്വത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഇത്തരമൊരു യുവജനവിഭാഗം വേറെയില്ലെന്നു തന്നെ പറയാം. വളരെ പാവനമായ ലക്ഷ്യങ്ങളാണ് ക്രാന്തദർശിയായ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഘടനയുടെ രൂപീകരണത്തിന് പിന്നിൽ കണ്ടിരുന്നത്. അതിനെക്കുറിച്ച് ആ മഹാത്മാവിന്റെ വാക്കുകളിൽതന്നെ ശ്രദ്ധിക്കുക: "നമ്മുടെ ഹൃദയങ്ങളിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്ന ശിക്ഷണം കാറ്റുതട്ടാതെ തലമുറ തലമുറയായി ഹൃദയങ്ങളിൽ അടക്കം ചെയ്യപ്പെട്ടുകൊണ്ടിരിക്കണമെന്നതാണ് ഈ സംഘടനയുടെ സ്ഥാപനലക്ഷ്യം. ഇന്ന് ഈ ശിക്ഷണം നമ്മുടെ ഹൃദയങ്ങളിലാണ് അടക്കം ചെയ്യപ്പെട്ടിരിക്കുന്നതെങ്കിൽ നാളെ നമ്മുടെ മക്കളുടേയും മറ്റന്നാൾ അവരുടെ മക്കളുടേയും ഹൃദയങ്ങളിൽ അത് അടക്കപ്പെടേണ്ടിയിരിക്കുന്നു...'' (അൽ ഫസ്ൽ 17.2.1939).

'ചില ആളുകൾ കുട്ടിക്കാലത്തും യുവത്വത്തിലും ഭൗതികപ്രഭാവത്തിനടിമപ്പെട്ടുകൊണ്ട് ദുർബലരായിത്തീരുകയും ചിലരിൽ പല ദൂഷ്യങ്ങളും ഉടലെടുക്കുകയും ചെയ്യുന്നു. ചിലർ അന്യസമുദായങ്ങളിൽ നിന്ന് ദുഷ്പ്രഭാവങ്ങൾ സ്വീകരിച്ചുകൊണ്ടുവരികയും ചിലർ ശിക്ഷണത്തിന്റെ കുറവു നിമിത്തം തിന്മകളിൽ ആഴ്ത്തപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ തന്നെയാണ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപനത്തിനു കാരണമായത്. ഇത്തരം ഭൗതികമാറ്റങ്ങൾ ജമാഅത്തെ അഹ്മദിയ്യായുടെ ഉള്ളിലേക്ക് കടക്കാൻ അനുവദിക്കാതിരിക്കുക എന്നതാണ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപനലക്ഷ്യം. യുവാക്കൾ എപ്പോഴും ഈ ലക്ഷ്യം മുന്നിൽ കാണേണ്ടിയിരിക്കുന്നു (പ്രഭാഷണം, 2.12.1954).

***ഇസ്‌ലാമിന്റെ ചഷകം***

'തലമുറ തലമുറയായി മനുഷ്യാത്മാക്കൾ ജീവിച്ചുനില്ക്കുമാറ് ഖുദ്ദാമുൽ അഹ്മദിയ്യാ തങ്ങളുടെ ഉന്നതമായ നിലവാരത്തിന്റെ മാതൃക നിലനിറുത്തേണ്ടതിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇസ്‌ലാം അതിന്റെ അസ്തിത്വത്തിൽ പരിപൂർണമായ മതമാണ്. എന്നാൽ, എത്ര ഉന്നതമായ സർബത്തിനും ഗ്ലാസ് ആവശ്യമായിരിക്കുന്നത് പ്രകാരം ഇസ്‌ലാമിന്റെ സന്ദേശം ഇതരരുടെ ഹൃദയങ്ങളിലേക്ക് എത്തിക്കുന്നതിനും ഗ്ലാസ് ആവശ്യമാണ്. നമ്മുടെ ഖുദ്ദാമുൽ അഹ്മദിയ്യാ ആ ചഷകമാണ്. അതിൽ ഇസ്‌ലാമിന്റെ ആത്മാവ് നിലനില്ക്കും. അങ്ങനെ അവർ മുഖേന അത് ഇതരരുടെ ഇടയിൽ എത്തുന്നതായിരിക്കും.'' (അൽഫസ്ൽ, 15.12.1955).

***അൻസാറുകൾ ശ്രദ്ധിക്കുക***

'ഞങ്ങൾ അൻസാറുകൾക്ക് ഖുദ്ദാമുമായി എന്താണ് കാര്യമെന്ന് പറയുന്ന അൻസാറുകൾ ഖുദ്ദാമുൽ അഹ്മദിയ്യാ വേറൊരു വസ്തുവല്ലെന്നും അത് തങ്ങളുടെ മക്കളുടെ പേരാണെന്നും ഓർക്കേണ്ടിയിരിക്കുന്നു. തങ്ങൾക്ക് ഖുദ്ദാമുമായി എന്താണ് കാര്യമെന്നു പറയുന്നവർ മറ്റൊരു വിധത്തിൽ തങ്ങളുടെ മക്കൾ മരിക്കുകയോ ജീവിക്കുകയോ ചെയ്യുന്നതിൽ തങ്ങൾക്കെന്താണ് കാര്യമെന്നാണ് പറയുന്നത്. ബുദ്ധിമാനായ ഒരു മനുഷ്യൻ ഇത്തരം കാര്യങ്ങൾ പറയുമോ? യുവാക്കളുടെ ഉദ്ധാരണത്തിനുവേണ്ടിയാണ് ഖുദ്ദാമുൽ അഹ്മദിയ്യാ ഉണ്ടാക്കിയിരിക്കുന്നത് എന്നിരിക്കെ, തങ്ങളുടെ മക്കളുടെ ഉദ്ധാരണം അത്യാവശ്യമായി ഗണിക്കുന്നില്ലെന്നും, അവരിൽ സാമുദായിക ജീവൻ ഉണ്ടാകണമെന്നോ, അവരിൽ പ്രവർത്തനശീലം ഉണ്ടാകണമെന്നോ, ഒരു നിയമവ്യവസ്ഥയുമായി ബന്ധപ്പെട്ടുകൊണ്ട് അവരിൽ യഥാർത്ഥ അനുസരണബോധം ഉടലെടുക്കണമെന്നോ തങ്ങൾ ആഗ്രഹിക്കുന്നില്ലെന്ന് ഏത് മാതാപിതാക്കൾക്കാണ് പറയാൻ സാധിക്കുക'' (ജുമുഅ ഖുത്ബ, 2.7.1953).

**പരിശീലനം**

'അന്യോന്യം സഹായിക്കുന്നതിനുള്ള മനസ്സ് ഉണ്ടാക്കിയെടുക്കുവിൻ. ഖുദ്ദാമുൽ അഹ്മദിയ്യായുടെ വ്യവസ്ഥകൾ നിങ്ങൾക്ക് ഒരു ട്രെയിനിംഗ് പോലെയാണ്. അഥവാ നിങ്ങൾക്ക് സേവനത്തിന് എപ്പോഴെങ്കിലും അവസരം ലഭിക്കുകയാണെങ്കിൽ അമീറോ, സെക്രട്ടറിയോ ആകത്തക്ക അർഹത അതിലൂടെ ലഭിക്കുന്നു. അതുകൊണ്ട് ജമാഅത്ത് ഭാരവാഹികളെ അപേക്ഷിച്ച് നിങ്ങൾ ബുദ്ധിമുട്ടി

(6-ാം പേജിൽ)

# റമദാൻ വാണിജ്യം

## ഉമർ പാറപ്പുറത്ത്

വിശുദ്ധഖുർആൻ ഓർമ്മപ്പെടുത്തുന്നത് നിർണ്ണയരാവിനെ കുറിച്ചാണ് (സൂറഃ അൽ-ഖദ്ർ) ആയിരം മാസത്തേക്കാൾ ഉത്തമമത്രെ അത്. നിർണ്ണയരാവിന്റെ സൂചനയിൽ അല്ലാഹു ഓർമ്മിപ്പിക്കുന്നത് തമസ്സിന്റെ പിൻമാറ്റമാകുന്നു. തേജസ്സിന്റെ പുതിയ പ്രവാഹം ഇവിടെ കല്പിക്കപ്പെടുന്നു. നാനാവിധത്തിലുള്ള അധിനിവേശങ്ങൾ ജീവിതത്തെ കീഴടക്കുമ്പോൾ പക്ഷേ, സംഭവിക്കുന്നത് നേരെമറിച്ചാണ്. റമദാൻ എന്നത് ആഘോഷമാകുന്നു. അനുഷ്ഠാനത്തിൽനിന്ന് ആഘോഷത്തിലേക്കുള്ള മാറ്റം ശ്രദ്ധേയമത്രെ. കാരണം ആഘോഷങ്ങൾ വിപണിയുടേതും അനുഷ്ഠാനങ്ങൾ ആത്മാവിന്റേതുമാണ്. വളരെ ആസൂത്രിതമായ ഒരു പ്രക്രിയ എല്ലാ ആഘോഷങ്ങൾക്കും പിറകിലുണ്ട്. ഓണം, വിഷു, ക്രിസ്തുമസ്, ഈദ് തുടങ്ങിയ എല്ലാ പുണ്യനാളുകൾക്കും ഇത്തരം ഒരു ആധുനിക വ്യാഖ്യാനമുണ്ട്. ഉല്പന്നങ്ങളുടെ കുത്തൊഴുക്ക് ഈ നിശ്ശബ്ദമായ പ്രക്രിയയെ സാധൂകരിക്കുന്നുമുണ്ട്.

ഇവിടെ പ്രസക്തമാകുന്നത് 'മലയാളി'യുടേതുപോലുള്ള ഉപഭോകൃത ശീലങ്ങളുടെ സ്വഭാവമാണ്. 'വാങ്ങുക' എന്ന ലളിതമായ പ്രക്രിയയിൽ അഭിരമിക്കുന്നവരായി നാമൊക്കെ എന്നോ മാറിക്കഴിഞ്ഞിരിക്കുന്നു. ഇത് മാനവികതയെ തകർക്കുന്ന ഒരു കയ്യേറ്റമാണ്. സ്വന്തം വരുമാനത്തിന്റെ പ്രയാണം സാധ്യമാക്കുന്ന വിപണിയെ വല്ലാതെ സ്നേഹിക്കാൻ പിന്നെ ആരും മടിക്കുന്നില്ല. അങ്ങനെ ഓരോ കാരണങ്ങളാൽ ക്രയവിക്രയത്തിന് ഒരുങ്ങിപ്പുറപ്പെടുകയാണ് എല്ലാവരും. പുതിയ സാധനങ്ങൾ (ചെറുതോ വലുതോ) ശേഖരിക്കാനുള്ള ഒരവസരമാകുന്നു എല്ലാ പുണ്യദിവസങ്ങളും. ഇതിലൂടെ നഷ്ടമാകുന്നത് പുനർനിർമ്മിക്കപ്പെടാനുള്ള അവസരമാണ്. നിർണ്ണയരാവ് ആയിരം മാസങ്ങളേക്കാൾ ഉത്തമമാണെന്ന് സൂചിപ്പിക്കുന്നത് ഈ പുനർനിർമ്മാണത്തിന്റെ വാഗ്ദാനമാണ്. മാനുഷികമായ വ്യതിയാനങ്ങൾ അടക്കിവെച്ച്, സ്രഷ്ടാവിന്റെ മഹത്വം ഘോഷിക്കപ്പെടുന്നതിന്റെ സാംഗത്യം ഇവിടെയാണ്. എന്നാൽ, വിപണി പുനർനിർമ്മാണത്തിന്റെ സാധ്യതകളെ നിരസിക്കുന്നു.

നമ്മുടെ ശീലങ്ങളുടെ മീതെ സംഭവിക്കുന്ന അധിനിവേശം സുതാര്യമല്ല. അതുകൊണ്ടുതന്നെ പഴമയുടെ ദാർഢ്യം പുതിയ തലമുറയുടെ റമദാനിൽ തീർച്ചയായും പ്രതീക്ഷിക്കരുത്. എന്നാൽ, അതിനപ്പുറം റമദാൻ ആഘോഷിക്കപ്പെടുന്ന ഇടങ്ങൾ ആശങ്കയുണർത്തുന്നു. പരസ്യ കോലാഹലങ്ങൾ, ഇഫ്ത്താർ വിരുന്നുകൾ, മാധ്യമ ബഹളങ്ങൾ, ഭക്ഷ്യപദാർത്ഥങ്ങളുടെ ബാഹുല്യം എന്നിങ്ങനെ ആളുകളിൽ പുതിയ സമ്പ്രദായങ്ങൾ എത്തിക്കാനുള്ള മാധ്യമമായി റമദാൻ മാറുന്നു. ആഗോളതലത്തിൽ തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്ന നിശ്ശബ്ദമായ ഒരു പരിവർത്തനത്തിന്റെ ഭാഗമാണിത്. തനത് സമ്പ്രദായങ്ങളേയും ശീലങ്ങളേയും അടിമുടി മാറ്റി മറിച്ച് ഭൗതീക-ആത്മീയ മേഖലകളെ ഒരുപോലെ കുത്തഴിഞ്ഞതാക്കാനുള്ള നീക്കമാണിത്. കുത്തഴിഞ്ഞ സമൂഹങ്ങളിൽ ലാഭത്തിന്റെ അളവ് വർദ്ധിക്കാറുണ്ട്. സംഭവിക്കാനിരിക്കുന്ന പുതിയ ലാഭവർഷങ്ങളെ കാത്തിരിക്കുന്ന വമ്പൻ കോർപ്പറേറ്റ് അധിനിവേശങ്ങളുടെ കാലൊച്ച അടുത്തുവരികയാണ്. ചുരുക്കത്തിൽ സ്ഥലകാലങ്ങളുടെ പരിമിതിയില്ലാതെ റമദാൻ വാണിജ്യവല്ക്കരിക്കപ്പെടുന്നു. ഇത്തരം പൊള്ളുന്ന സത്യങ്ങളുടെ മീതെ ഇനിയും കടന്നുവരാനിരിക്കുന്ന ഒട്ടേറെ അനുഷ്ഠാനങ്ങൾ ബാക്കിയുണ്ട്.

# മനുഷ്യൻ അല്ലാഹുവിന്റെ അടിമയാണെന്ന ബോധത്തോടെ ജീവിക്കുക : മൗലവി മുഹമ്മദ് ഇസ്മായീൽ




**കടലായി, സെപ്തംബർ 16:** ഓരോരുത്തരും താൻ അല്ലാഹുവിന്റെ അടിമയാണെന്ന ബോധത്തോടെ ജീവിക്കുമ്പോഴാണ് യഥാർത്ഥ മുസ്‌ലിമായി ജീവിക്കാനാകുന്നതെന്ന് മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് പറഞ്ഞു. കടലായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിലുള്ള റമദാൻകാല പ്രഭാഷണ പരിപാടിയിലെ ആദ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അടിമയാണെന്ന ബോധം മനസ്സിൽ ഉറപ്പിക്കുമ്പോൾ യജമാനനായ അല്ലാഹു പറഞ്ഞത് അനുസരിച്ച് ജീവിക്കണമെന്ന ചിന്തയുണ്ടാവുകയും അതുവഴി സകല പ്രശ്നങ്ങളും അവസാനിക്കുകയും ചെയ്യും. ഓരോ വ്യക്തിയുമാണ് അല്ലാഹുവുമായി ബന്ധപ്പെട്ടിരിക്കുന്നത്. കുടുംബമല്ല. 12 വയസ്സു കഴിഞ്ഞാൽ ഓരോരുത്തരും അല്ലാഹുവിനാൽ ചോദ്യം ചെയ്യപ്പെടുമെന്ന് ഖലീഫമാർ പറഞ്ഞിട്ടുള്ളത് ഓർക്കണമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ജമാഅത്ത് പ്രസിഡന്റ് എം.പി. അബൂബക്കർ സാഹിബ് അധ്യക്ഷനായിരുന്നു. സി.വി. മുഹമ്മദ് ശംസീർ ഖുർആൻ പാരായണം നടത്തി.

23-ാം തിയ്യതി ഞായറാഴ്ച മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ് നോമ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സെടുത്തു. ടി. ശംസുദ്ദീൻ അധ്യക്ഷനായിരുന്നു. റിസ്‌വാൻ ഖുർആൻ പാരായണം നടത്തി.

30-ന് ഞായറാഴ്ച മൗലവി അബ്ദുസ്സലാം സാഹിബ് നോമ്പിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. എം.പി. ഉസ്മാൻ സാഹിബ് അധ്യക്ഷത വഹിച്ചു. ടി. ശംസുദ്ദീൻ സാഹിബ് ഖുർആൻ പാരായണം നടത്തി.

## പിറന്നുവരേണ്ടവർ ഭൂവിൽ മണ്ണിൽ!

അബൂ ശഹീദഹ്മദ്, പഴയങ്ങാടി

മണ്ണിൽ മറഞ്ഞുപോയ് ഈസാ മസീഹ്
പുണ്യഖബറിടം ഖാനിയാർ സൽ-
കർമ്മ നിരതമാം റൂഹുൽ ഖുദ്സ്
ഉയർന്നിതല്ലാഹുവിൻ സാമീപ്യത്തിൽ!

വിണ്ണിലേക്കാരാണുയർന്നു പോകാൻ
വിണ്ണിൽ നിന്നാരാണിറങ്ങി വരാൻ
പിറന്നു വരേണ്ടവർ ഭൂവിൽ മണ്ണിൽ
കർമ്മങ്ങൾ ഈസാതൻ സാദൃശ്യത്തിൽ!

അക്ഷരജ്ഞാനങ്ങൾ ഇല്ലാത്തവർ
അറേബ്യതൻ വൻമണലാരണ്യത്തിൽ
വേദവിജ്ഞാനങ്ങൾ നല്കീമഹാൻ
ഖാത്തമുൽ അമ്പിയാ പുണ്യപൂമാൻ!

മുമ്പിൽ പോയവരിൽ ചേരാത്തവർ
പിമ്പിൽ വന്നെത്തും സമൂഹം തന്നിൽ
ശിക്ഷണമേകുന്നൂ വീണ്ടും റസൂൽ
ലക്ഷണങ്ങൾ ഖുർആൻ സൂക്തങ്ങളിൽ!

സൂറാജ്ജുമായിലെ ആയത്തുകൾ
സാരസമ്പൂർണ്ണ മുഅ്ജിസത്തുകൾ
അല്ലാഹ് അസീസുൻ ഹഖീമായവൻ
എല്ലാം അറിയുന്ന ആലിം അവൻ!

സത്യം അറിയാൻ സഹാബാവര്യർ
ഹൃത്തടങ്ങൾ തന്നിൽ ആകാംക്ഷകൾ
മുസ്തഫാ തങ്ങൾ അധരങ്ങളിൽ
മുത്തുമണികളായ് അക്ഷരങ്ങൾ!

ഈമാൻ സുറയ്യായിൽ ഏറുന്നനാൾ
സൽമാനുൽ ഫാരിസീ വംശം തന്നിൽ
വന്നരുളും പാരിൽ വന്ദ്യൻശിഷ്യൻ
അന്നവർ ദീനിന്റെ സംരക്ഷകൻ!

ഫാരിസീയാം ഗുലാം മുർത്തസാതൻ
സൽസന്തതിയായ് പിറന്നൂ ദിവ്യൻ
അഹ്മദുൽ ഖാദിയാനി ആണവർ
മുഹമ്മദിൻ ആത്മീയ ശിഷ്യൻ അവർ!

സർവാധിനാഥനാമല്ലാഹുവിൽ
ദർശനങ്ങൾ വർഷം വീണ്ടും ഭൂവിൽ
സത്യമസീഹിൻ ഹൃദയം തന്നിൽ
സുവ്യക്തം സന്മാർഗ്ഗ സന്ദേശങ്ങൾ!

പരിശുദ്ധഖുർആൻ സാഗരത്തിൽ
ആഴത്തിൽ ചെന്നവർ ഹസ്തങ്ങളിൽ
മുത്ത് പവിഴങ്ങൾ സമ്പത്തുകൾ
മർത്ത്യർക്കേതകീ സംഭാവനകൾ!

നഷ്ട സൗഭാഗ്യങ്ങൾ വീണ്ടും ഭൂവിൽ
ഇസ്‌ലാം ദീൻ വദനപ്രസാദം തന്നിൽ
സത്യമായ് വന്നണയുമാത്മ ാക്കൾ
പ്രസ്ഥാന മൊന്നതഹ്മദീയ്യത്തിൽ

മുഹമ്മദിൻ സ്വർഗ്ഗീയ പൂവനത്തിൽ
അഹ്മദിൻ ആത്മീയ സേവനത്തിൽ
നിത്യനിവാസത്തിൽ ഗേഹംതന്നിൽ
സർവാധിനാഥൻത്തനുഗ്രഹത്തിൽ!

## റമദാൻ ക്ലാസ്സ്

കണ്ണൂർ: റമദാനോടനുബന്ധിച്ച് കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ തർബിയ്യത്ത് ക്ലാസ്സ് നടന്നു. ഖുദ്ദാമുൽ അഹ്മദിയ്യാ കണ്ണൂർ- കാസർകോട് ജില്ലാ ഖാഇദ് പി. ശഫി അഹ്മദ് സാഹിബ്, ടി. ആശിഖ് സാഹിബ് എന്നിവർ പ്രസംഗിച്ചു. ഖാഇദ് ടി. ഷാജിർ അഹ്മദ് അധ്യക്ഷം വഹിച്ചു.

(3-ാം പേജിൽനിന്ന്)

ശ്ലാഘനീയമായ പങ്കാണ് വഹിക്കുന്നതെന്ന കാര്യം എടുത്തുപറയേണ്ടതാണ്. ഈയിടെ എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ പുതുതായി പണിതുകൊണ്ടിരിക്കുന്ന കാനയിലേക്ക് മറിഞ്ഞുവീണ, ഇന്റർവ്യൂവിന് പോകാൻ തയ്യാറായിവന്ന യാത്രക്കാരനെ അഹ്മദികൾ ചേർന്ന് സഹായിച്ചിരുന്നു. കാക്കനാട് ജമാഅത്തിലുള്ള മൗലവി അൻസാർ മഹ്ദി സാഹിബും എറണാകുളത്തെ മുഹമ്മദ് സലീം സാഹിബും ചേർന്ന് ഉടനെതന്നെ റെയിൽവേ യുടെ അശ്രദ്ധ അധികാരികളുടെ ശ്രദ്ധയിൽപെടുത്തി. അവർ ഉടൻതന്നെ കാന നിർമ്മാണത്തിന്റെ കോൺട്രാക്ടറെ വിളിച്ചുവരുത്തുകയും അപകടം പറ്റിയ യാത്രക്കാരനുവേണ്ട ശുശ്രൂഷകൾക്കും മറ്റും ഏർപ്പാട് ചെയ്തുകൊടുക്കുകയും ചെയ്യുകയുണ്ടായി.

# ഒരു റമദാൻ രാത്രിയിൽനിന്ന്

അൽഹഖ് ന്യൂസ് ഡെസ്ക്

I

കണ്ണൂർസിറ്റിയിലെ തെരുവുകളിൽ നൂറ് വിളക്കുകൾ കത്തുമ്പോൾ, പുതിയൊരു രാത്രി തുടങ്ങുന്നു. തെരുവോരങ്ങളിലെ



കബാബ് ശാലകളിൽ തീയിൽച്ചുട്ട മാംസക്കഷണങ്ങൾ ചുമന്നുതുടങ്ങുന്നു. പലഹാരങ്ങളുടെയും, പാനീയങ്ങളുടെയും സമ്മിശ്രസുഗന്ധങ്ങൾ വെളിപ്പെടുമ്പോൾ ആളുകൾ ഒഴുകിയെത്തുകയാണ്. സ്വാദിന്റേയും ഘോഷത്തിന്റേയും ബഹളങ്ങൾ ഉച്ചസ്ഥായിയിലേക്ക് നീളവേ സിറ്റിയിലെ ജുമാഅത്ത് പള്ളിയിൽ തറാവീഹ് നമസ്കാരം ആരംഭിക്കുന്നു.

II

സിറ്റിയിലെ റമദാൻ സ്റ്റാളുകൾ ഭക്ഷണ വ്യാപരത്തിന്റേതാണ്. ദൽഹിയിലെ ജുമാ മസ്ജിദ് പരിസരത്തെ അനുസ്മരിപ്പിക്കുന്ന കബാബ് ശാലകളിലേക്ക് കണ്ണൂർ ജില്ലയുടെ നാനാഭാഗങ്ങളിൽ നിന്നും നൂറുകണക്കിന്നാളുകൾ ഒഴുകിയെത്തുന്നുണ്ട്, നിത്യേന. പത്രമാധ്യമങ്ങളിലും വാമൊഴിയാലും ലഭിക്കുന്ന പ്രചാരം സിറ്റിയെ റമദാൻ രാത്രികളിലെ തീർത്ഥാടന കേന്ദ്രമാക്കിയിരിക്കുകയാണ്. പ്രധാനമായും ചുട്ടെടുത്ത ഇറച്ചിയും അതുപോലുള്ള ഭക്ഷ്യപേയങ്ങളുമാണ് ഇവിടുത്തെ ആകർഷണവസ്തുക്കൾ. ചിക്കൻ, കാട, ബീഫ് എന്നിങ്ങനെയാവാം വിഭവങ്ങൾ. ചുമന്ന കളറിൽ കമ്പിയിൽ കുത്തി പൊരിച്ചെടുക്കുന്ന ഇറച്ചിക്കഷണങ്ങൾക്കുള്ള രുചി ആസ്വാദ്യകരമത്രെ. കൂടെക്കഴിക്കാൻ കുബ്ബൂസ്, ചപ്പാത്തി തുടങ്ങിയ വിഭവങ്ങൾ വേറെയും. കൂട്ടത്തിൽ സിറ്റിയുടെ മാസ്റ്റർപീസ് വിഭവമായ ചിരണ്ടി അഥവാ ചെത്ത് ഐസും ലഭിക്കുന്നു. സിറ്റിയുടെ തനത് രുചിഭേദങ്ങളിൽ ഒന്നത്രെ ചെരണ്ടി. മരത്തിൽ ഘടിപ്പിച്ച ഇരുമ്പ് ബ്ലേഡിൽ ചിരകിയെടുത്ത ഐസ് പൊടിയിൽ എസ്സൻസ് ഉപയോഗിച്ചുണ്ടാക്കുന്നതാണിത്. ഈ സാധനം കണ്ടുപിടിച്ച് ലോകത്തിന് മുമ്പാകെ അവതരിപ്പിച്ചത് തങ്ങളാണെന്ന് സിറ്റിയിലെ പഴമക്കാർ അവകാശപ്പെടുന്നു.






എന്തായാലും ആഘോഷങ്ങളുടെ വർണ്ണാഭയിൽ കുറച്ചകലെയുള്ള ജമാഅത്ത് പള്ളിയിൽ നമസ്കാരം തുടങ്ങിക്കഴിഞ്ഞു.

III

സിറ്റിയുടെ സ്നിഗ്ദ്ധമായ ചരിത്രത്തിന്റെ വഴി വിചിത്രമാകുന്നു. മറ്റൊരു നഗരത്തിനുമില്ലാത്ത പ്രത്യേകതയുണ്ട് കണ്ണൂരിന്. സിറ്റിയെന്നും ടൗൺ എന്നും രണ്ട് ഭൂപ്രദേശങ്ങൾ. സിറ്റിയാണ് ജില്ലാ ആസ്ഥാനനഗരമെന്ന് പുറംദേശക്കാർ ധരിക്കുന്നുവെങ്കിൽ തെറ്റി, സിറ്റിനഗരപ്രാന്തമാകുന്നു. ഇവിടെ അറയ്ക്കൽ സ്വരൂപത്തിന്റെ ഇന്നലെകൾ ശ്ലഥബിംബങ്ങളാണ്. തളം കെട്ടിക്കിടക്കുന്ന ഓർമ്മകളുടെ മീതെ പഴഞ്ചൻ എടുപ്പുകൾ കാണപ്പെടുന്ന ഈ നാട് ഒരു ടിപ്പിക്കൽ മുസ്‌ലിം ഭൂരിപക്ഷ പ്രദേശമാണ്. ഹിന്ദുസ്ഥാനി സംഗീതത്തെ വാഴ്ത്തുകയും മക്കാനികളിൽ സംഗീത സദിരുകൾ സൂക്ഷിക്കുകയും ചെയ്യുന്ന ഈ ജനപഥത്തിന്റെ സാംസ്കാരിക ഭൂമികയിൽ നിസ്സംഗത കൂടുതലത്രെ. താല്പര്യം ഏറിവരുന്നത് പാതിരാവടുക്കുന്ന കച്ചവട ശാലകളിൽ. അറയ്ക്കൽ സ്വരൂപത്തിന്റെ കച്ചവടകേന്ദ്രമായതിനാലാകണം വണിക്കുകളുടെ ആരോഹണാവരോഹണം ഇവിടെ തകൃതിയിൽ നടക്കുന്നു.

IV

ബൈക്കുകളിൽ യുവജനങ്ങൾ തിരക്കുകൂട്ടവേ, പൊരിച്ച കോഴിക്കഷണങ്ങൾ ചെറിയ താലങ്ങളിൽ

(8-ാം പേജിൽ)

(3-ാം പേജിൽനിന്ന്)

ഓർമ്മിപ്പിച്ചുകൊണ്ട് ഇതിൽനിന്ന് ഫലമെടുക്കാനും പറഞ്ഞു. അതിനോടൊപ്പം സ്വഭാവസംസ്കരണത്തെ സംബന്ധിച്ചും പറഞ്ഞു. ശരീരേച്ഛകളിൽനിന്ന് അകന്നുനില്ക്കാനും അതിലെ കല്പനകൾ പാലിക്കാനും അതിലൂടെ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനും പറഞ്ഞു.

റമദാന്റെ ഈ അന്തരീക്ഷം എല്ലാംകൊണ്ടും നമുക്കനുഗൃഹീതമാണ്. ഇതിൽ നല്ല നിലയിൽ നമസ്കരിക്കാൻ കഴിയുന്നു. അത് മനഃപരിശുദ്ധി പ്രദാനം ചെയ്യുന്നു. ദോഷപ്രവണമായ ആത്മാവ് മനുഷ്യനെ തിന്മയിലേക്ക് വലിച്ചുകൊണ്ടിരിക്കുന്നു. അത് ശയ്ത്വാന്റെ പിടിയിൽ അമർന്നുകിടക്കുകയാണ്. അതിൽനിന്ന് മനുഷ്യന് നോമ്പു കൊണ്ട് രക്ഷപ്പെടാൻ കഴിയുന്നു. കാരണം ഈ ദിനങ്ങളിൽ ശയ്ത്വാൻ ചങ്ങലയ്ക്കിടപ്പെടുന്നു. അല്ലാഹുവിന്റെ സാമീപ്യം കിട്ടുന്നതിനും ശയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനുമായിട്ടാണ് നമസ്കരിക്കുന്നത്. അത് ക്ഷണത്തിൽ മനുഷ്യനെ സ്വയം ശാസകാത്മാവിലേക്ക് കടത്തി ശാന്തി പ്രാപിച്ച സ്ഥിതിയിലെത്തിക്കും.

(ഖുത്ബ, 21.9.07)

(5-ാം പേജിൽനിന്ന്)

ചെയ്യുന്ന ഇദ്ദേഹം കാരണം നിരവധിയാളുകൾ അഹ്മദികളായിട്ടുണ്ട്. ഇതാണ് വധത്തിന് കാരണമെന്ന് കരുതുന്നു. ഇദ്ദേഹത്തിന്റെ നാല് മക്കളും ഡോക്ടർമാരാണ്.

ഡോക്ടർ ശേയ്ഖ് മുബശ്ശിർ അഹ്മദ് സാഹിബിനെ സെപ്തംബർ 24-ന് ക്ലിനിക്കിൽവച്ച് നിറയൊഴിക്കുകയായിരുന്നു. ജിന്ന ഹോസ്പിറ്റലിലെ പ്രൊഫസറായിരുന്ന ഇദ്ദേഹം നല്ലൊരു സാമൂഹിക പ്രവർത്തകനാണ്. ഇദ്ദേഹത്തിന്റെ സഹോദരീപുത്രനെ കഴിഞ്ഞവർഷം ഇതേസ്ഥലത്ത് ശഹീദാക്കിയിരുന്നു.

# ഖുർആൻ

"ഒരു ദാനധർമ്മവും ധനത്തിന് കുറവുവരുത്തുകയില്ല. അക്രമിക്ക് മാപ്പ് കൊടുക്കുന്ന ഒരാൾക്കും അല്ലാഹു ബഹുമതി നല്കാതിരിക്കുകയില്ല. വിനയസ്വഭാവം കൈക്കൊള്ളുന്ന ഒരാളേയും അല്ലാഹു ഉയർത്താതിരിക്കുകയില്ല." (2:184).

# നബിവചനം

"**ന**മസ്കാരം (മുറപ്രകാരം) നിലനിറുത്തുകയും സക്കാത്ത് നല്കുകയും ചെയ്യുക. നിങ്ങൾ എന്തെങ്കിലും നന്മ നിങ്ങൾക്കായി മുൻകൂട്ടി ചെയ്തുവെക്കുന്നതായാൽ അല്ലാഹുവിങ്കൽ അത് നിങ്ങൾ കണ്ടെത്തുന്നതാണ്. നിശ്ചയമായും നിങ്ങൾ ചെയ്യുന്നതെല്ലാം അല്ലാഹു നല്ലവണ്ണം കണ്ടുകൊണ്ടിരിക്കുന്നു." (2:111)

# യുഗശബ്ദം



**സ**ഹനത്തിന്റേയും ഭയഭക്തിയുടേയും പാഠങ്ങൾ നല്കപ്പെട്ടിരുന്ന അല്ലയോ, ജനങ്ങളേ, നിങ്ങൾക്ക് ഒരു ദൈവദൂതനെ നിരാകരിക്കാനുള്ള ധൃതിപ്പാടും ദുർഭാവനയും പഠിപ്പിച്ചുതന്നതാരാണ്? ഏതൊരു ദൃഷ്ടാന്തമാണ് ദൈവം വെളിപ്പെടുത്തിയിട്ടില്ലാത്തത്? ദൈവം മുന്നോട്ടുവച്ചിട്ടില്ലാത്ത ന്യായവാദം ഏതൊന്നാണ്? പക്ഷേ, നിങ്ങൾ ഓരോ ദൃഷ്ടാന്തത്തേയും ഓരോ തെളിവിനേയും നെഞ്ചൂക്കോടെ തള്ളിക്കളഞ്ഞു. ഈ കാലഘട്ടത്തിലെ സൂത്രശാലികളായ ജനത്തെ ഞാൻ ആരോടാണ് സാമ്യപ്പെടുത്തേണ്ടത്? നട്ടുച്ചനേരത്ത് കണ്ണുകൾ ചിമ്മിക്കൊണ്ട് സൂര്യൻ എവിടെ എന്നു ചോദിക്കുന്ന കുബുദ്ധികൾക്ക് തുല്യരാണിവർ. സ്വന്തം ആത്മാക്കളെ വഞ്ചിക്കുന്നവരേ, ആദ്യം നിങ്ങൾ കണ്ണ് തുറക്കുവിൻ. അപ്പോൾ നിങ്ങൾക്ക് സൂര്യനെ കാണുമാറാകും. ഒരു ദൈവദൂതനെ കാഫിറെന്നു പറയുക എളുപ്പമാണ്. എന്നാൽ, സത്യവിശ്വാസത്തിന്റെ സൂക്ഷ്മങ്ങളായ വഴികളിലൂടെ ആ ദൈവദൂതനെ പിന്തുടരുക പ്രയാസപൂർണ്ണമായ കാര്യമാകുന്നു. ദൈവപ്രേമിതന്നെ ദജ്ജാൽ എന്നു വിളിക്കുവാൻ നിഷ്പ്രയാസം കഴിയും. എന്നാൽ, അദ്ദേഹത്തിന്റെ ഉപദേശങ്ങളനുസരിച്ച് ഇടുങ്ങിയ വാതിലുകളിലൂടെ കടന്നുപോകുകയെന്നതാകട്ടെ, വളരെ ദുഷ്കരമായ കൃത്യമാകുന്നു. തനിക്ക് മസീഹ് മൗഊദ്(അ)നെ കാര്യമല്ലെന്നു പറയുന്നവനാരോ അവൻ 'ഈമാൻ' ഗണ്യമാക്കാത്തവനാകുന്നു. അത്തരക്കാർ യഥാർത്ഥമായ സത്യവിശ്വാസത്തേയും യഥാർത്ഥമായ മോക്ഷത്തേയും യഥാർത്ഥമായ വിശുദ്ധിയേയും കുറിച്ച് വിവരമില്ലാത്തവരാകുന്നു. അവർ അല്പമെങ്കിലും നീതി കാണിക്കുകയാണെങ്കിൽ, തങ്ങളുടെ യഥാർത്ഥമായ ഉള്ളവസ്ഥകളെ കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ദൈവത്തിന്റെ ദൂതന്മാരും നബിമാരും മുഖേന ഇറങ്ങുന്ന പുതിയ യഖീൻ ഇല്ലാത്തപക്ഷം അവരുടെ നമസ്കാരങ്ങൾ ആചാരശീലങ്ങൾ മാത്രവും അവരുടെ വ്രതാനുഷ്ഠാനങ്ങൾ വെറും പട്ടിണിയിലുമാണെന്ന് അവർക്കു മനസ്സിലാക്കാനാകും. ദൈവത്തിന്റെ അനുഗ്രഹത്തിലും കാരുണ്യത്തിലും അവനെക്കുറിച്ചുള്ള ദിവ്യജ്ഞാനം ആർജ്ജിച്ചിട്ടില്ലാത്തിടത്തോളവും അവനിൽനിന്നു തന്നെ ശക്തി നേടാത്തിടത്തോളവും പാപത്തിൽനിന്ന് മോചനം പ്രാപിക്കാനായി യഥാർത്ഥനിലയിൽ ദൈവത്തെ സ്നേഹിക്കുകയോ യുക്തമാംവിധം അവനെ ഭയപ്പെടുകയോ ചെയ്യാൻ സാധ്യമല്ല എന്നതത്രെ സത്യം. ലോകത്തുള്ള സകല വസ്തുക്കളോടും മനുഷ്യൻ മനസ്സ് വെക്കുന്നതും അവയെ പ്രിയപ്പെടുന്നതും അവയോട് ഭയം പുലർത്തുന്നതും അവയിൽനിന്ന് ഓടിയകലുന്നതും മനുഷ്യന്റെ ഹൃദയത്തിൽ ഉടലെടുക്കുന്ന അറിവിന്റെ അടിസ്ഥാനത്തിലാകുന്നു. ദൈവത്തിൽനിന്നുള്ള അനുഗ്രഹം ഇല്ലാത്തിടത്തോളം ദൈവത്തെക്കുറിച്ചുള്ള ദിവ്യജ്ഞാനം കൈവരികയോ അത് പ്രയോജനപ്പെടുകയോ ഇല്ല (ലക്ചർ, സിയാൽക്കോട്ട്).

*(4-ാം പേജിൽനിന്ന്)*

പണിയെടുക്കണം' (പ്രഭാഷണം, 24.10.1953).

'മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽപെട്ട യുവാക്കൾ ഓർക്കുക. അവരുടെ പ്രവർത്തനങ്ങളുടെ പ്രഭാവം ഈ കാലഘട്ടത്തിലേക്കു മാത്രം പരിമിതമാക്കപ്പെട്ടതല്ല. മറിച്ച്, സന്തോഷചിത്തരായി ദൃഢവിശ്വാസത്തോടുകൂടി പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണെങ്കിൽ വരുംതലമുറകൾ വരെ അവരുടെ നന്മകളുടെ പ്രഭാവം നിലനിൽക്കുന്നതാണ്. ഏതുപോലെയെന്നാൽ, ഇന്ന് നാം സഹാബാക്കളെ സ്മരിക്കുമ്പോൾ റളിയല്ലാഹു അൻഹും എന്ന വചനം നമ്മുടെ നാവുകളിൽനിന്ന് പുറപ്പെടുന്നുവോ അതുപോല അവരുടെ പേര് കേൾക്കുമ്പോൾ വരുംതലമുറകളുടെ ഹൃദയം സന്തോഷനിർഭരമാവുകയും അവർക്ക് ഉന്നതസ്ഥാനങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്യുകയും ചെയ്യുന്നതാണ്. പക്ഷേ, ഏതൊരു പ്രവർത്തനം അവർ തുടങ്ങിവച്ചിരിക്കുന്നുവോ അത് വളരെ ശക്തിയോടെ തുടർന്നുപോകേണ്ടത് അനിവാര്യമാണ്. ഈ പരിശ്രമത്തിനിടയ്ക്ക് നിന്നുപോകുന്നയാൾ വീഴ്ത്തപ്പെടുന്നതാണ്. (അൽഫസ്ൽ, 24.11.1938).

***ആത്മീയസേന***

'ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനം വെറും സാധാരണ പ്രവർത്തനമല്ല. ഇത് വളരെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനമാണ്. യഥാർത്ഥത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യായിൽ അംഗമാകുന്നതും അതിന്റെ നിയമങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്നതുംമൂലം ഒരു ഇസ്‌ലാമികസേന വാർത്തെടുക്കപ്പെടുന്നു. പക്ഷേ, തോക്കുകളും വാളുകളുമേന്തിയ സൈന്യമല്ല നമ്മുടേത്. തെളിവുകൾ മുഖേന ലോകത്തെ ജയിച്ചടക്കാനുള്ള സൈന്യമാണ് നമ്മുടേത്. അഹ്മദിയ്യത്തിന്റെ സത്യത വെളിപ്പെടുത്തുന്നതിന്നായി നാം സമർപ്പിക്കുന്ന തെളിവുകളാണ് നമ്മുടെ തോക്കുകളും വാളുകളും. നമ്മുടെ തോക്കുകളും വാളുകളും അഹ്മദിയ്യത്തിന്റെ വിജയത്തിന്നായി നാം ചെയ്യുന്ന ദുആകളാകുന്നു. നമ്മുടെ തോക്കുകളും വാളുകളും നമ്മിൽനിന്ന് പുറപ്പെടുന്ന ഉന്നത സ്വഭാവങ്ങളാകുന്നു. മതപരമായ തെളിവുകളും, ദുആകളും, ഉന്നതസ്വഭാവങ്ങളുമാണ് നമ്മുടെ ആയുധശേഖരം. നമ്മുടെ ഖഡ്ഗങ്ങളും അതുതന്നെ. ഈ ആയുധ ശേഖരങ്ങളും വാളുകളും മുഖേന സർവദീനുകളേയും ജയിച്ചടക്കുകയും ഇസ്‌ലാമിന്റെ സുന്ദരപതാക പറത്തുകയും ചെയ്തുകൊണ്ട് അവയുടെ ആധിപത്യവും ശക്തിയും ആർജ്ജിക്കേണ്ടതാണ്. അഥവാ യുവാക്കളിൽ ഈ കർത്തവ്യബോധം ഉണ്ടെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വേഗത്തിൽ തന്നെ ഉന്നതക്കിടയിലുള്ള ഒരു സൈന്യം തയ്യാറാക്കപ്പെടുന്നതാണ്. അതിന്നെതിരിൽ ലോകത്തെ ഒരു ശക്തിക്കും എഴുന്നുനില്ക്കാൻ സാധിക്കുന്നതല്ല.'' (ജുമുഅ ഖുത്ബ, അൽഫസ്ൽ, 8.4.1939).

'നമ്മുടെ പ്രസ്ഥാനത്തിനുമേൽ എന്തെല്ലാം ആക്രമണങ്ങൾ നടക്കുമെന്നും അതിന് നാമെന്ത് മറുപടികൾ നല്കുമെന്നും ഞാൻ നോക്കിക്കൊണ്ടിരിക്കുകയാണ്. ഓരോ കാര്യത്തെക്കുറിച്ചും എന്റെ മസ്തിഷ്കത്തിൽ മനോഹരമായ ജ്ഞാനമുണ്ട്. അതിന്റെ ഒരു ഭാഗമാണ് ഖുദ്ദാമുൽ അഹ്മദിയ്യാ. ഇത് യഥാർത്ഥത്തിൽ ആത്മീയ പരിശീലനവും ആത്മീയ ശിക്ഷണവുമാകുന്നു. ഈ സൈന്യം അഹ്മദിയ്യത്തിന്റെ ശത്രുക്കളോട് യുദ്ധം ചെയ്യുകയും വിജായഭിവൃദ്ധികളോടെ ശത്രുകേന്ദ്രങ്ങളിൽ അഹ്മദിയ്യത്തിന്റെ പതാക നാട്ടുകയും ചെയ്യേണ്ടതാണ്. ഈ കാര്യങ്ങളുമായി ബന്ധമില്ലാത്തവർക്ക് എന്റെ വാക്കുകൾ മനസ്സിലാക്കാൻ സാധിക്കുകയില്ല. എന്തെന്നാൽ ഇത് യുവാക്കൾക്കുള്ള പരിശീലനത്തിന്റേയും ശിക്ഷണത്തിന്റേയും കാലമാണ്. പരിശീലനകാലം നിശ്ശബ്ദതയുടേതായിരിക്കും. ഒന്നും സംഭവിക്കുന്നില്ലെന്ന് ജനങ്ങൾ ധരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, സമുദായം ശിക്ഷണം നേടി കർമ്മരംഗത്തേക്കിറങ്ങുമ്പോൾ ജനങ്ങൾ ഫലം കണ്ടുതുടങ്ങുന്നു. യഥാർത്ഥത്തിൽ ഒരു കൈ പൊങ്ങുമ്പോൾ എഴുന്നേല്ക്കുകയും താഴുമ്പോൾ ഇരിക്കുകയും ചെയ്യുന്ന ഒരു ജീവൽസമുദായം ലോകത്ത് മഹത്തായ പരിവർത്തനങ്ങൾ വരുത്തിവയ്ക്കുന്നതാണ്.' (അൽഫസ്ൽ, 18.4.39).

***വിട്ടുനില്ക്കുന്നത് കുറ്റം!***

'ഖുദ്ദാമുൽ അഹ്മദിയ്യായിൽനിന്ന് വിട്ടുനില്ക്കുകയെന്നാൽ അഹ്മദിയ്യത്തിൽനിന്ന് വിട്ടുനില്ക്കുകയെന്നാണർത്ഥം' (അൽഫസ്ൽ, 1.8.1945).

'ഖുദ്ദാമുൽ അഹ്മദിയ്യായിൽ ചേരുന്നതിനുള്ള പ്രായമായിട്ടും ഒരു യുവാവ് അതിൽ അംഗമാകുന്നില്ലെങ്കിൽ അയാൾ സാമുദായികമായ ഒരു കുറ്റം ചെയ്യുകയാണെന്നു ഞാൻ മനസ്സിലാക്കുന്നു.' (പ്രഭാഷണം, 23.8.1940, അൽഫസ്ൽ, 13.9.1961).

'യുവാക്കൾ പരിഷ്ക്കരിക്കപ്പെടാതെ സമുദായങ്ങളെ ഉദ്ധരിക്കാൻ സാധ്യമല്ല. ഏതുവരെ അല്ലാഹുവിന്റെ നബിയും അവന്റെ വിധികളും ഭൂമിയിൽ നിലനിർത്തിയിരിക്കുന്ന ദീനിന്റേയും നിയമങ്ങളുടേയും സഹായികളായി പുതിയ തലമുറ മാറുന്നില്ലയോ അതുവരെ ആ ദീനിന്റെ യഥാർത്ഥ അഭിവൃദ്ധിയുടെ ഭാഗത്തേക്ക് പാദങ്ങൾ ഉയരുകയില്ല. ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും യഥാർത്ഥമായ അന്തസ്സ് അവർക്ക് സൗഭാഗ്യകരമായിരിക്കും എന്ന ബോധം യുവാക്കളുടെ ഹൃദയങ്ങളിൽ അങ്കുരിപ്പിക്കത്തക്ക ശിക്ഷണം നല്കിക്കൊണ്ട് ഈ പരിഷ്കരണം സാധിച്ചെടുക്കാവുന്നതാണ് (അൽ ഫസ്ൽ, 10.4.1938).

'യുവാക്കളിൽ ഉണർവും ജാഗ്രതയും ഉണ്ടാക്കിയെടുക്കുന്നതിന് എല്ലാ സ്ഥലത്തും ഖുദ്ദാമുൽ അഹ്മദിയ്യാ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇതിൽ സ്വന്തം അസ്തിത്വം മറ്റുള്ളവർക്ക് മാതൃകയാകുമാറ് സ്വന്തം പ്രവൃത്തികളിൽ പരിവർത്തനം വരുത്താൻ തയ്യാറുള്ള യുവാക്കൾ ഉണ്ടായിരിക്കണം' (അൽഫസ്ൽ, 22.4.1938).

## ദാർഫർ പ്രതിസന്ധി പരിഹരിക്കാൻ ഗാന്ധിമാർഗ്ഗമെന്ന് ആഫ്രിക്കൻ യൂണിയൻ

**ആഡിസ് അബാബെ:** സുഡാനിലെ ദാർഫറിൽ തുടരുന്ന വംശീയകലാപങ്ങൾ പരിഹരിക്കാൻ ഗാന്ധിയൻ തത്ത്വങ്ങളാണ് ഉത്തമമെന്ന് ആഫ്രിക്കൻ യൂണിയൻ രാജ്യങ്ങളുടെ (എ.യു.സി) ഡെപ്യൂട്ടി ചെയർപേർസൺ പാട്രിക് മാർസിമാക്കാ അഭിപ്രായപ്പെട്ടു. വർഷങ്ങളായി തുടരുന്ന വംശീയപ്രശ്നങ്ങളിൽ വലയുന്ന ദാർഫറിൽ സമാധാനം പുലരണമെങ്കിൽ ഗാന്ധിജി അനുവർത്തിച്ച അഹിംസാസിദ്ധാന്തം എല്ലാ വിഭാഗങ്ങളും കൈക്കൊള്ളണമെന്ന് അദ്ദേഹം പറഞ്ഞു. ലോകവ്യാപകമായി ആചരിക്കപ്പെട്ട അന്താരാഷ്ട്രാ അഹിംസാദിനത്തിലാണ് ഇങ്ങനെയൊരഭിപ്രായം മാർസി മാക്കാ മുന്നോട്ടുവച്ചത്. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 ഈ വർഷം മുതൽ അന്താരാഷ്ട്രാ അഹിംസാദിനമായി ആചരിച്ചുവരികയാണ്. ഈ ദിനത്തോടനുബന്ധിച്ച് ആഡിസ് അബാബയിൽ ചേർന്ന പ്രത്യേക സമ്മേളനം ദാർഫറിൽ കഴിഞ്ഞ ഏതാനും ആഴ്ചകളിൽ കൊല്ലപ്പെട്ട ആഫ്രിക്കൻ സമാധാന സേനാംഗങ്ങളുടെ ഓർമ്മകൾക്കു മുന്നിൽ സ്മരാണാഞ്ജലി അർപ്പിച്ചു. ദാർഫറിൽ സമാധാനപാലനസേന കേന്ദ്രീകരിച്ചിരുന്ന ഹസ്കനിത ബേസ് കേമ്പ് അക്രമകാരികൾ പ്രകോപനമൊന്നുമില്ലാതെതന്നെ ആക്രമിക്കുകയായിരുന്നു.



ഘാനയിലെ ഒരു അഹ്മദിയ്യാ ഹൈസ്കൂൾ

ഈ ചടങ്ങിൽ സംബന്ധിച്ച ബഹറനിലെ സെന്റർ ഫോർ സ്റ്റഡീസ് ആന്റ് റിസർച്ചിലെ മുഹമ്മദ് അൽഖാത്തം സ്വയംപ്രഖ്യാപിത മുസ്‌ലിംതീവ്രവാദ സംഘടനകൾ മുന്നോട്ടുവയ്ക്കുന്ന അക്രമത്തെ നേരിടാൻ ഗാന്ധിയൻ തത്ത്വങ്ങൾ യോജിച്ചതാണെന്നഭിപ്രായപ്പെട്ടു.

## ശാജിർ അഹ്മദ് അൽഹഖിന്റെ പുതിയ എഡിറ്റർ



**കോഴിക്കോട്:** കണ്ണൂർ ടൗൺ മജ്‌ലിസ് ഖാഇദ് ടി. ശാജിർ അഹ്മദ് സാഹിബിനെ അൽഹഖിന്റെ പുതിയ എഡിറ്ററായി നിയമിച്ചു. 2007 ഒക്ടോബർ മുതലാണ് നിയമനം. ടി. ആശിഖ്, കെ.സി. റയീസ് അഹ്മദ് എന്നിവരെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായും നിയമിച്ചിട്ടുണ്ട്.

പിന്നിട്ട നാളുകൾ

# കെ. അബ്ദുൽ അസീസ് സാഹിബ്

തയ്യാറാക്കിയത് - ഷാജിർ അഹ്മദ്

**കെ.** അബ്ദുൽ അസീസ് എന്ന കണ്ണൂരുകാരുടെ അസീസ് സാഹിബിന് അഹ്മദിയ്യത്ത് വെറും യാദൃശ്ചികത മാത്രമായിരുന്നില്ല. മറിച്ച്, പൂർവ്വനിയുക്തങ്ങളായ ദൗത്യത്തിന്റെ പരിണിതിയായിരുന്നു. സ്വന്തം മാതാവിന്റെയടുക്കലേക്ക് സത്യസന്ദേശം പകരാനുള്ള ഒരു വഴി... അവിശ്വസനീയമായ ദൈവിക തീരുമാനങ്ങൾ ഇവിടെ തെളിയുന്നുണ്ട്. ഹൃദയത്തിൽ തട്ടുന്ന ഇത്തരം തഥ്യകളിൽ അസീസ് സാഹിബിന്റെ നൈരന്തര്യം തുടങ്ങുന്നു.



അസീസ് സാഹിബ് ജനിക്കുന്നത് മാതമംഗലം എന്ന ഗ്രാമത്തിലാണ്. പഴയകാലത്ത് കണ്ണൂർജില്ലയുടെ അവികസിത മേഖലകളിലൊന്നായിരുന്ന എരമം-കുറ്റൂർ പഞ്ചായത്തിലാണ് മാതമംഗലം. ബഹുഭൂരിപക്ഷവും സുന്നി മുസ്‌ലിംകൾ നിറഞ്ഞ ഒരു തനിവടക്കേമലബാർ ഗ്രാമം. ഇവിടെ അധ്യാപക ദമ്പതികളായ മമ്മു മാസ്റ്റർക്കും, സൈനബയ്ക്കും പിറന്നതാണ് കെ. അബ്ദുൽ അസീസ്. പിതൃപാരമ്പര്യവും മാതൃപാരമ്പര്യവും വലിയ തറവാടികളുടേതാണ്. ഗൃഹാന്തരീക്ഷം പക്ഷേ സ്വതന്ത്രവും ദീനീ നിർഭരവുമായിരുന്നു. അസീസ് സാഹിബിന്റെ ഓർമ്മകളിൽ നറുമണത്ത് പെയ്യിക്കുന്ന ആ അന്തരീക്ഷം ഇപ്പോഴുമുണ്ട്. പുലർച്ചെ എഴുന്നേല്ക്കുകയും നമസ്കരാദി കാര്യങ്ങൾ നിർവ്വഹിക്കുകയും, സ്നേഹത്താൽ ശിക്ഷണം നല്കുകയും ചെയ്യുന്ന ഉമ്മാ ഈ ഓർമ്മകളുടെ കെടാവിളക്കാണ്.

മാതമംഗലം ഹൈസ്കൂളിൽ എസ്.എസ്.എൽ.സി കഴിഞ്ഞതോടെയാണ് അസീസ് സാഹിബിന്റെ ജീവിതം പുതിയ വഴികൾ തേടുന്നത്. 1976-ൽ അസീസ് സാഹിബ് തലശ്ശേരിയിലെത്തുന്നു. അക്കാലത്ത് അവിടെയുണ്ടായിരുന്ന അഞ്ചുമൻ ഉർദു കോളജിൽ ഉർദു ഹയറിന് ചേരുകയാണ് ഉദ്ദേശ്യം. ഇവിടെവച്ച് മർഹൂം എൻ. മഹ്മൂദ് അഹ്മദ് സാഹിബിനെ കാണുകയാണ് അസീസ് സാഹിബ്. മഹ്മൂദ് അഹ്മദ് സാഹിബ് (മർഹൂം എൻ. അബ്ദുറഹീം സാഹിബിന്റെ അമ്മാവനാണ് മഹ്മൂദ് അഹ്മദ് സാഹിബ്) ഈ കോളേജിലെ ഒരധ്യാപകനായിരുന്നു. എന്നാൽ, മാസങ്ങൾക്കുള്ളിൽ ഈ കോളേജിൽ നിന്നും അസീസ് സാഹിബ് പിൻവലിഞ്ഞു. കോളേജിലെ കെടുകാര്യസ്ഥതയും വേണ്ടത്ര അധ്യാപകരില്ലാത്തതുമായിരുന്നു കാരണം. മഹ്മൂദ് സാഹിബും ഇക്കാലത്ത് അവിടം വിട്ട് തലശ്ശേരിയിൽ തന്നെ മറ്റൊരു സ്ഥലത്തേക്ക് അധ്യാപനം മാറ്റിയിരുന്നു. പക്ഷേ, മാതമംഗലത്തുനിന്നും തലശ്ശേരി വരെ വന്നുനില്ക്കാനും മറ്റുമുള്ള അസൗകര്യം കാരണം മഹ്മൂദ് സാഹിബിനെ നേരിട്ടുകണ്ട് വ്യക്തിപരമായി ഉർദു ക്ലാസ്സെടുത്തുതരാൻ പിതാവ് മുഖേന ആവശ്യമുന്നയിച്ചു. മഹ്മൂദ് സാഹിബ് സമ്മതിച്ചു. പോരാത്തതിന് കണ്ണൂർ സിറ്റി അഹ്മദിയ്യാ പള്ളിയിൽ താമസസൗകര്യവും ലഭ്യമാക്കി. ഇത് പുതിയ അനുഭവങ്ങളുടെ തുടക്കമായിരുന്നു. നിയോഗത്തിന്റെ ഒരു ഘട്ടം ഇവിടെ ഇഴപിരിയുകയാണ്.

സിറ്റി പള്ളിയിൽ അന്ന് പ്രഗത്ഭരുടെ വലിയ നിരയാണ് ഉണ്ടായിരുന്നത്. എൻ. ഹാമിദ് സാഹിബ്, ഹാജി വി.കെ. മഹ്മൂദ് സാഹിബ്, കെ.സി. മഹമൂദ് സാഹിബ്, എം.സി. മഹ്മൂദ് അഹ്മദ് സാഹിബ്, എൻ. ഇബ്റാഹിം സാഹിബ്, എൻ. അബ്ദുറഹീം സാഹിബ് തുടങ്ങിയവർ ഇക്കൂട്ടത്തിലുണ്ട്. ജീവിതത്തിലെ വലിയ സുകൃതങ്ങളിൽ ചിലത് ഈ പൂർവ്വ സൂരികളുമായുള്ള പരിചയമാണെന്ന് അസീസ് സാഹിബ് ഇപ്പോൾ കരുതുന്നു. അക്കാലത്ത് പള്ളിയിൽ ഖുദ്ദാമുൽ അഹ്മദിയ്യാ മീറ്റിങ്ങുകളിൽ കേട്ട അഡ്വ. നിസാർ അഹ്മദ് സാഹിബ്, ഇ. താഹിർ സാഹിബ്, എം. അബ്ദുറഹ്മാൻ സാഹിബ് തുടങ്ങിയവരുടെ വാക്ധോരണി ഇപ്പോഴും മറന്നിട്ടില്ല അസീസ് സാഹിബ്. ഇക്കൂട്ടത്തിൽ ചില രസമുള്ള ഓർമ്മകളുമുണ്ട്. സിറ്റി പള്ളിയിൽ ഒരു സുന്നിയായിത്തന്നെ തുടരവേ ഒരു അഹ്മദിബാലൻ ഞങ്ങളെ (അഹ്മദികളെ) സുന്നിപ്പള്ളിയിൽ കയറ്റാറില്ലല്ലോ പിന്നെ നിങ്ങളെന്താ ഞങ്ങളുടെ പള്ളിയിൽ കഴിയുന്നത്? എന്ന് അമർഷത്തോടെ ചോദിച്ചത് ഇപ്പോഴും ചിരിയുണർത്തുന്ന സ്മരണയാണ്. അക്കാലത്ത് തദ്ദേശവാസികളായ ചില അനഹ്മദികളും ഈ പള്ളിയിലെ താമസം 'അത്ര നന്നല്ല' എന്നുപദേശിച്ചിരുന്നു.

ഇതേ കാലയളവിൽ തനിക്ക് സമാന്തരമായി തന്റെ വീട്ടിൽത്തന്നെ ചിലത് സംഭവിക്കുന്നത് അസീസ് സാഹിബ് അറിയുന്നുണ്ട്. പുളിക്കൽ അറബിക് കോളേജിൽ പഠിക്കുകയായിരുന്ന അനുജൻ കെ. സൈനുദ്ദീൻ പുതിയ പന്ഥാവിലേക്ക് സ്വയം നടക്കുന്നുണ്ടായിരുന്നു. എവിടെയോ വച്ച് കിട്ടിയ ജമാഅത്തിനെ കുറിച്ചുള്ള അറിവ് സഹോദരനിൽ പൂത്തുലയുന്നത് പക്ഷേ അസീസ് സാഹിബിന് വ്യക്തമായി മനസ്സിലായിരുന്നില്ല. പുസ്തകവായനയിലും, ഏകാന്തതയിലും അഭിരമിച്ചിരുന്ന അനുജൻ കൂട്ടം തെറ്റി നടക്കുന്നത് ശ്രദ്ധിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ വഴി വ്യക്തമായിരുന്നുമില്ല. എന്നാൽ, മുമ്പൊരിക്കൽ ഈസാനബി മരിച്ചുപോയി എന്നു പറഞ്ഞപ്പോൾ 'അസീസ് കാഫിറായിപ്പോയി' എന്നുറക്കെ നിലവിളിച്ച അനുജനിൽ സംഭവിച്ച മാറ്റങ്ങൾക്കും നിയോഗത്തിന്റെ പൂർണ്ണതയുണ്ടായിരുന്നു.

അങ്ങനെ 1982-ൽ സർവ്വരേയും ഞെട്ടിച്ചുകൊണ്ട് അനുജൻ കെ. സൈനുദ്ദീൻ സാഹിബ് പഴയങ്ങാടിയിൽവച്ച് ബയ്അത്ത് ചെയ്തു. ഇത് നാട്ടിൽ വലിയ പ്രശ്നങ്ങളുണ്ടാക്കി. സൈനുദ്ദീൻ സാഹിബിനെ കായികമായിപ്പോലും നേരിടുന്ന ഒരവസ്ഥ വന്നു. സൈനുദ്ദീൻ സാഹിബ് ഉടൻതന്നെ ഖാദിയാനിലേക്ക് പോയി. (ജമാഅത്തിന്റെ ഉന്നത ഉദ്യോഗസ്ഥനായി സൈനുദ്ദീൻ സാഹിബ് മാറുന്നത് പില്ക്കാല ചരിത്രം) ഈ സാഹചര്യത്തിൽ മാതാപിതാക്കൾക്ക് നേരിട്ടേക്കാവുന്ന വൈഷമ്യം കണക്കിലെടുത്ത് അസീസ് സാഹിബ് നേരത്തെ സ്വീകരിച്ച സത്യപ്രസ്ഥാനത്തിലേക്കുള്ള പ്രവേശനം വൈകിപ്പിച്ചു. ഒടുവിൽ 1983-ൽ കൂടാളിയിൽവച്ച് യു. അബൂബക്കർ സാഹിബ് മുമ്പാകെ ബയ്അത്ത് ചെയ്തു. ഇതോടെ നിശ്ചയിക്കപ്പെട്ട തന്റെ വഴി കൂടുതൽ ഉദാത്തമാകുന്നു.

അഹ്മദിയായപ്പോൾ മുട്ടം ഹൈസ്കൂളിൽ പാർട്ട് ടൈം ഉർദു അധ്യാപകനായി ചേർന്നു. അവിടെ കൂടെ മറ്റൊരു അഹ്മദി അധ്യാപകൻ കൂടെയുണ്ടായിരുന്നു.

തിരിഞ്ഞുനോക്കു

(8-ാം പേജിൽ)

# അവസാനം ടീം ഇന്ത്യ

സ്പോർട്സ് ഡെസ്ക്



**ഒ**ടുവിൽ ഇന്ത്യ നേടുന്നു!! ആദ്യ ട്വന്റി-20 ലോകകപ്പ് ഇന്ത്യ സ്വന്തമാക്കുമ്പോൾ ഒരു വലിയ ജനതതി ആഹ്ലാദാഘോഷങ്ങൾ നടത്തുന്നു. ഇതൊരു വലിയ നേട്ടം തന്നെയാകുന്നു. കാരണം നിരന്തരമായ പരാജയങ്ങളുടെ ഓളങ്ങളിൽനിന്ന് സ്വപ്നതുല്യമായ വിജയം തിരഞ്ഞെത്തുക എന്നത് മഹത്തരമാണ്. ധോണിയും കൂട്ടരും നേടിയ വിജയത്തിന്റെ മാറ്റ് വർദ്ധിക്കുന്നതും ഇത്തരമൊരു പശ്ചാത്തലത്തിലാണ്.

ഇത്തവണ ഇന്ത്യൻ തുടക്കം ദുർബലമായിരുന്നു. ന്യൂസിലാന്റിനോട് പരാജയപ്പെട്ടു. ദൃഢനിശ്ചയം കൈമോശംവന്ന ചെറുപ്പക്കാരുടെ ആകുലതകൾ നിറഞ്ഞ ആ മത്സരം പക്ഷേ കാര്യങ്ങൾ മാറ്റിമറിച്ചു. പിന്നീട് ദുർബലരും പ്രബലരുമായ എതിർടീമുകളെ നിലംതൊടാൻ ടീം ഇന്ത്യ അനുവദിച്ചില്ല. സംഘടിതമായ ഊർജ്ജം ഇവിടെ ശ്രദ്ധേയമായിക്കണ്ടു. അതിന്റെ കാരണം ഈ കളിക്കാരുടെ പ്രായം തന്നെയാണ്. ക്യാപ്റ്റനടക്കം മിക്കവരും ഇരുപതിന്റെ ചുറ്റുപാടിൽ നിന്നുള്ളവരാകുമ്പോൾ മാനസികമായ ഒരു ചട്ടകൂട് ഇവർക്കിടയിൽ സംഘടിക്കപ്പെടുന്നു. പോരാത്തതിന് സച്ചിൻ, ദ്രാവിഡ്, ഗാംഗുലി തുടങ്ങിയ വമ്പന്മാരുടെ അസാന്നിധ്യം വലിയ ഉപകാരവുമായി. ഗ്ലാമർ കുറച്ചും ആത്മവിശ്വാസം കൂടിയും 'ടീം വർക്ക്' നടത്തപ്പെട്ടു.

ഇത്തവണ ശ്രദ്ധേയമായത് യുവരാജ് സിംഗിന്റെ പ്രകടനംതന്നെ. ഹാർഡ്ഹിറ്റർ എന്നുള്ള തന്റെ സ്ഥാനം പരിഷ്കരിച്ച് ഒരു അഗ്രസ്സിവ് ഹിറ്റ് എന്ന നിലയിലേക്ക് യുവ്രാജ് വളർന്നിരിക്കുന്നു. ഇംഗ്ലണ്ടിന്റെ സ്റ്റുവർട്ട് ബ്രോഡിനെതിരെ നേടിയ ആറ് പടുകുറ്റൻ സിക്സറുകൾ ഇക്കാര്യത്തിന്റെ വിളംബരമായി മാറി. 20-20യുടെ സമയഘടന ഇക്കാര്യത്തിൽ യുവരാജിനെ സഹായിക്കുന്നുണ്ട്. വിക്കറ്റ് നഷ്ടം നോക്കാതെ അതിശീഘ്രം സ്കോർ ഉയർത്താനുള്ള പരിശ്രമം ഇവിടെ അത്യാവശ്യമാണ്. ഈയൊരു റോൾ കൈകാര്യം ചെയ്യാൻ യുവരാജിനോളം കഴിവ് മറ്റാർക്കുമില്ല. യുവരാജിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യം സച്ചിന് ബോധിക്കാനിടയില്ല. ആക്രമണത്തിന്റെ സർവ്വകാലാതീതമായ ശൗര്യം യുവരാജ് സ്വായത്തമാക്കിയത് എന്തായാലും രസകരമായിത്തീർന്നു.

യുവരാജിനെ കൂടാതെ രോഹിത് ശർമ്മ, ഗൗതംഗംഭീർ, റോബിൻ ഉത്തപ്പ തുടങ്ങിയവരും വലിയ പ്രതീക്ഷകൾ നല്കുന്നുണ്ട്. ഏകദിന ക്രിക്കറ്റിൽ ആശാർഹമല്ലാത്ത ബാറ്റിംഗ് കാണിച്ച ഇവർ 20-20യിൽ ആഞ്ഞടിക്കുന്നു. ഇവിടെ മനസ്സിലാകുന്നത് രൗദ്രതയുള്ള ബാറ്റിംഗ് ശൈലിയെ അനുകൂലിക്കുന്ന യുവനിര ഇന്ത്യയെ കാത്തിരിക്കുന്നുവെന്നതാണ്. സമാധാനത്തിൽ വ്യക്തിഗത റെക്കോഡുകൾ താലോലിക്കുന്ന പഴഞ്ചൻ ശൈലിക്ക് ഇനി വംശനാശം സംഭവിക്കാൻ പോകുന്നു.

ഇന്ത്യൻ ബൗളിങ്ങിലും ശ്രദ്ധേയമായ മാറ്റം കണ്ടു. പ്രത്യേകിച്ചും ആർ.പി. സിംഗ്, ഇർഫാൻപത്താൻ എന്നിവരിൽ. ഇരുവരും വന്യമായ ബൗളിങ്ങിന്റെ സാമ്പ്രദായികരീതികൾ കാണിക്കുന്നു. എന്നാൽ, വിക്കറ്റുകൾ നിർണ്ണായക ഘട്ടത്തിൽ ലഭിക്കുന്നുവെങ്കിലും ശ്രീശാന്ത് വിലയിരുത്തപ്പെടാൻ സമയമാകുന്നില്ല. സ്തോഭജനകവും ധാർഷ്ട്യം നിറഞ്ഞതുമായ പെരുമാറ്റങ്ങൾ ഒഴിച്ചാൽ ശ്രീശാന്ത് ഇനിയും മുന്നേറാനുണ്ട്. മറുവശം ആരായാലും സാമാന്യമര്യാദ ഏതു മലയാളിക്കും പാലിക്കാവുന്നതാണെന്ന് ശ്രീയുടെ പ്രകടനങ്ങൾ വിളിച്ചുപറയുന്നു. ഹർഭജൻ എന്തിനാണ് ഇനിയും കളിക്കുന്നത്? അല്ലെങ്കിൽത്തന്നെ 20-20-ൽ സ്പിൻ ബൗളിങ്ങിന്റെ സാധ്യതകൾക്ക് പരിധിയും പരിമിതിയുമുണ്ട്. അതുപോലെ ജോഗിന്ദർശർമ്മ ആരാണ്? മിക്ക ഓവറുകളിലും ലൂസ് ബോളുകൾ സുലഭമായി നല്കിയ ഇദ്ദേഹമാണ് ഫൈനലിലെ അവസാന ഓവർ ചെയ്തത് എന്നോർക്കുമ്പോൾ നെഞ്ചിടിപ്പ് നിലയ്ക്കുന്നു. സെലക്ഷൻ കമ്മറ്റി ശർമ്മയെ വിലയിരുത്തിയത് ഏത് മാനദണ്ഡങ്ങൾ വച്ചാണോ ആവോ?

എന്തായാലും ഇനി ക്രിക്കറ്റിന്റെ നാൾവഴികൾ ചെറുക 20-20യിലാണ്. കാരണം ക്രിക്കറ്റിന്റെ അനിശ്ചിതത്വമാണതിന്റെ ഹൃദയം. 20-20 ഈ അനിശ്ചിതത്വം അലൗകികമായ അനുഭൂതിയാക്കി മാറ്റുന്നു. നഷ്ടപ്പെട്ട കാണികളേയും വാണിജ്യവിജയങ്ങളേയും ഇത് മടക്കിക്കൊണ്ടുവന്നേക്കാം.

# കൊലയുടെ കല!!

**2000**ൽ ദാരിയൂസ് ജാനിസേവ്സ്കി എന്ന പോളിഷ് വ്യവസായി മൃഗീയമായി വധിക്കപ്പെട്ടു. അദ്ദേഹത്തെ തന്റെ ഓഫീസിൽനിന്ന് വിലച്ചിറക്കി കൊണ്ടുപോയി മർദ്ദിച്ച് കൊല്ലുകയായിരുന്നു. ഏറെനാളുകൾക്കു ശേഷം പോളണ്ടിലെ ഓദർ നദിയിൽ ദാരിയൂസിന്റെ ജീർണ്ണിച്ച മൃതദേഹം കണ്ടെത്തി. നിത്യേന നടക്കുന്ന സംഭവങ്ങളിലൊന്നായതിനാൽ ആളുകൾ ദാരിയൂസിനേയും ഈ കൊലപാതകത്തേയും വേഗം തന്നെ മറക്കുകയും ചെയ്തു.

പിന്നീട് 2003-ൽ ക്രിസ്റ്റ്യൻ ബാല എന്ന നോവലിസ്റ്റ് 'അമോക്ക്' എന്ന നോവൽ ദാരിയൂസിന്റെ കൊലപാതകം ഇതിവൃത്തമാക്കിക്കൊണ്ട് പുറത്തിറക്കി. ഇദ്ദേഹത്തിന്റെ രചന ദാരിയൂസിന്റെ കൊലപാതകത്തിന്റെ വള്ളിപുള്ളി വിടാതെയുള്ള വിവരണമായിരുന്നു. നോവലിസ്റ്റിന്റെ ക്രാന്തദർശിത്വവും പ്രതിഭയും വളരെയേറെ ചർച്ചചെയ്യപ്പെട്ടു. പോരാത്തതിന് ഈ നോവൽ ആ വർഷത്തെ ബെസ്റ്റ് സെല്ലറുകളിലൊന്നായി തീരുകയു ചെയ്തു. എന്നാൽ, 2005-ൽ പോലീസിന് ലഭിച്ച ഒരു ഫോൺ കാൾ സംഗതികളെ തലകീഴായി മറിച്ചു.

ഈ ഫോൺകാളിന്റെ അടിസ്ഥാനത്തിൽ ദാരിയൂസിന്റെ കൊലപാതകി പിടിയിലായി. മറ്റാരുമല്ല കൊല

(ശേഷം 8-ാം പേജിൽ)

പ്രതിമാസം

വാർത്താവിശകലനം

ഷാജിർ അഹ്മദ്

# മ്യാൻമർ; പുതിയ സംഭവങ്ങൾ

*ഈ വരികൾ അച്ചടിക്കും മുമ്പേതന്നെ ബർമ്മയുടെ രാഷ്ട്രീയ-സാമൂഹിക പശ്ചാത്തലങ്ങളിൽ മാറ്റങ്ങൾ വന്നേക്കാം. കാരണം മ്യാൻമർ എന്ന ഏഷ്യയിലെ നിത്യരോഗി ഒരു നൈരന്തര്യത്തിന്റെ പിന്നാമ്പുറമാകുന്നു. ശിഥിലവും, ദുർബലവുമായ പ്രതിഷേധത്തിന്റേയും അപ്രതിരോധ്യമായ ഭരണകൂടത്തിന്റേയും കഥയത്രെ അത്. വർഷങ്ങളായി തുടർന്നുവരുന്ന ജനാധിപത്യത്തിന് വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ എവിടെയുമെത്തിയിട്ടില്ല മ്യാന്മറിൽ. പഴയ ബ്രിട്ടീഷ് കോളനിഭരണത്തിന്റെ ഹാങ്ങ് ഓവർപോലെ, അരക്ഷിതമായ സാമ്പത്തികപ്രശ്നങ്ങൾ തീരാത്ത ഒരു സ്ഥലമാണ് മ്യാന്മർ അഥവാ ബർമ്മ. ഈ രാജ്യത്തെ ലോകശ്രദ്ധയിൽപെടുത്തുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ കടുത്ത ദാരിദ്ര്യവും, വരൾച്ചയുമൊക്കെയുണ്ട്. എന്നാൽ, ഇവിടെ സംഭവിക്കുന്ന രാഷ്ട്രീയമായ അടിച്ചമർത്തലുകൾ അന്താരാഷ്ട്ര സമൂഹത്തിന്റെ വികസനപരമായ ഇടപെടലുകൾക്ക് തടസ്സമാകുന്നു.*

*വർഷങ്ങളായി, തടവിൽ (ചിലപ്പോൾ വീട്ടുതടങ്കൽ) കഴിയുന്ന ബർമ്മീസ് സ്വാതന്ത്ര്യസമര നായികയാണ് ആങ്സാൻ സുകി. നോബൽ സമ്മാനജേതാവായ ഇവരുടെ കാര്യത്തിൽ അന്താരാഷ്ട്ര സമ്മർദ്ദങ്ങൾ വെറുതെയാകുന്നു. ബർമ്മയിലെ മിലിറ്ററി ഭരണകൂടം എല്ലാ പൗരാവകാശങ്ങളും നിഷേധിക്കുമ്പോൾ ആങ്സാൻ സുകി തടവിൽ തന്നെ തുടരുന്നു. സുകിയുടെ നീളുന്ന തടവ് മറ്റൊരു കാര്യത്തിലേക്കുകൂടി വെളിച്ചം വീശുന്നുണ്ട്. അതായത്, അമേരിക്കൻപക്ഷ 'അന്താരാഷ്ട്രസമൂഹം' അവർക്ക് താല്പര്യമില്ലാത്തയിടങ്ങളിൽ ജനാധിപത്യത്തെ സംരക്ഷിക്കുന്നില്ലായെന്നതാണത്. ചുരുക്കത്തിൽ ധാർഷ്ട്യം കലരുന്ന ഒരതിജീവനം ബർമ്മിസ് പട്ടാളഭരണത്തിന് സാധ്യമാകുന്നു.*

*എന്നാലിപ്പോൾ സംഗതികൾ കൂടുതൽ രൂക്ഷമാകുന്നത് ബർമ്മയിലെ ബുദ്ധഭിക്ഷുക്കൾ തെരുവിലിറങ്ങുമ്പോഴാണ്. ഇത് മിലിറ്ററി ജൻണ്ട ഒട്ടൊന്ന് പരിഭ്രമിപ്പിച്ചിരിക്കുന്നു. വിവിധ ആവശ്യങ്ങൾ പറഞ്ഞ് തെരുവിലിറങ്ങിയ ബുദ്ധഭിക്ഷുക്കൾ യങ്ഗോൺ തെരുവുകളിൽ പഗോഡകൾക്കു ചുറ്റും സമാധാനപരമായി ഉപവസിക്കുകയും മൗനജാഥകൾ നടത്തുകയും ചെയ്യുന്നത് പട്ടാളഭരണത്തെ വല്ലാതെ അങ്കലാപ്പിലാക്കുന്നുണ്ട്. ഇതര പട്ടാളഭരണകൂടങ്ങളിൽനിന്ന് ബർമ്മിസ് മിലിറ്ററി ജൻഡയെ വ്യത്യസ്തമാക്കുന്നത് അതിന്റെ രഹസ്യസ്വഭാവമാണ്. ആരാണ് യഥാർത്ഥ നേതാവെന്നോ ഭരണത്തലവനെന്നോ ലോകത്തിന് വ്യക്തമായി ഇനിയും മനസ്സിലായിട്ടില്ല. കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളെപ്പോലും വെല്ലുന്ന ഈ രഹസ്യസ്വഭാവം ലോകത്തെ വെല്ലുവിളിക്കുന്നുമുണ്ട്. ബർമ്മകൂടി അംഗമായിട്ടുള്ള ആസിയാൻ പോലുള്ള അന്താരാഷ്ട്രവേദികൾ ജനാധിപത്യത്തെ പുനർനിർമ്മിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുമില്ല. ആധുനിക ലോകം ഈ ഗൂഢതയിലും, ധാർഷ്ട്യത്തിലും നിസ്സംഗത ഭാവിക്കുന്നു.*

# ആണവക്കരാറും അണുവായുധങ്ങളും

*വാർത്തകളിൽ നിറയുന്നത് ആണവക്കരാറും അതിന്റെ പിന്നാമ്പുറവുമൊക്കെയാണ്. ആണവക്കരാറിന്റെ വ്യാപ്തി ഇന്ത്യപോലുള്ള രാജ്യങ്ങളിൽ ചർച്ച ചെയ്യുന്നത് രാഷ്ട്രീയമായ തലങ്ങളിൽ മാത്രമാണ്. മറിച്ച്, ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന ഇതര വിതാനങ്ങൾ പൊതുവെ അവഗണിക്കപ്പെടുന്നു. ഇന്ത്യയോട് അമേരിക്ക കാണിക്കുന്ന ആകാംക്ഷ ആണവക്കരാറിന്റെ കാര്യത്തിൽ അവർക്കുള്ള സമീപനത്തിന്റെ പൊരുൾ വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. ഇന്ത്യയെ കഴിയുന്നത്ര അധീശത്വത്തിൽ നിറുത്തുക എന്നുള്ളത് ഈയൊരു പശ്ചാത്തലത്തിൽ പ്രകടമാകുന്നു. ഈ മേഖലയിലെ പ്രധാനശക്തിയായ ചൈനയെ പരിമിതപ്പെടുത്തുക എന്നത് ഈ കരാറിന്റെ പ്രധാന ഉദ്ദേശ്യങ്ങളിലൊന്നാകുന്നു. ചൈനയുമായുള്ള നേരിട്ടല്ലാത്ത യുദ്ധത്തിൽ ഇന്ത്യയെ ഒരു മാധ്യമമാക്കുകയാണിവിടെ. ഈ കരാറിന്റെ വൈരുദ്ധ്യം പക്ഷേ, ഇതിലേറെ രൂക്ഷമാണ്.*

*അമേരിക്കയുൾപ്പെടുന്ന വൻകിട രാഷ്ട്രങ്ങളുടെ കൈയിലുള്ള അണുവായുധങ്ങളുടെ ശേഖരത്തിന് ഈ കരാർ ഒരു പ്രതിബന്ധവും സൃഷ്ടിക്കുന്നില്ല. അതേസമയം കരാറിലൊപ്പിടുന്ന രാജ്യങ്ങളുടെ ആണവശേഷിയെ കാര്യമായി ബാധിക്കുന്നുമുണ്ട്. ഇന്ത്യപോലുള്ള രാജ്യങ്ങളുടെ ആണവപ്ലാന്റുകൾ കർശനനിയന്ത്രണത്തിലായിരിക്കും. ഇവയ്ക്കുമീതെ കടുത്ത അന്താരാഷ്ട്ര നിരീക്ഷണം ഉണ്ടാകും. അണുവായുധശേഷി നിശ്ചിതസമയത്തിനകം ഇല്ലാതാക്കും. ആണവോർജ്ജ നിർമ്മാണത്തിനുപയോഗിക്കുന്ന പദാർത്ഥങ്ങളുടെ അളവ് അമേരിക്കയെ അറിയിക്കുകയും വേണം. ഇതുമാത്രമല്ല ഒട്ടേറെ നിബന്ധനകൾ വേറെയുമുണ്ട്. എന്തായാലും ശാശ്വതമായി അമേരിക്കൻ അധീശത്വം നേരിട്ടുതന്നെ നടപ്പിലാക്കപ്പെടുന്നുവെന്നർത്ഥം. എന്നാൽ, ലോകം നേരിടുന്ന അണുവായുധഭീഷണിയെ തരിമ്പും കുറയ്ക്കാൻ ഇതിനൊക്കെ സാധിക്കുമോ?*

*വിവിധ രാജ്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചില വ്യതിയാനങ്ങൾ ഇവിടെ ചേർത്തുവായിക്കാം. ഇപ്പോൾത്തന്നെ അമേരിക്ക കഴിഞ്ഞാൽ ലോകത്തേറ്റവും കൂടുതൽ ആയുധശേഖരം (അണുവായുധങ്ങൾ ഉൾപ്പെടെ!) സ്വകാര്യ കമ്പനികൾക്കാണത്രെ. ഇറാഖ് പോലുള്ള അധീശരാജ്യങ്ങളിൽ അമേരിക്ക ഇത്തരം സേനകളുടെ 'സേവനം' ഉപയോഗപ്പെടുത്തുന്നുണ്ട്. വിവിധ രാഷ്ട്രങ്ങൾ നല്കുന്ന പൈസയേക്കാളും ഉയർന്ന ശംബളം (ദിവസം 1000 ഡോളർ വരെ) നല്കുന്നതിനാൽ അനേകം വിദഗ്ദ്ധന്മാർ ഈ സ്വകാര്യ സേനകളിൽ ചേരുന്നുമുണ്ട്. വരാനിരിക്കുന്ന നാളുകളിൽ ഈ സേനകളുടെ സാന്നിധ്യം നിർണ്ണായകമാകും. ഈ സ്വകാര്യസേനകൾ വലിയതോതിൽ സംഭരിച്ചിട്ടുള്ള ആയുധങ്ങളിലുൾപ്പെടുന്ന അണുവായുധങ്ങൾ ഏത് കരാറിന്റെ ചട്ടക്കൂട്ടിലാണ് ഒതുങ്ങുക? പോരാത്തതിന് അമേരിക്ക വാടകയ്ക്കെടുക്കുന്നതുപോലെ ഏതു ഭീകരസംഘടനകൾക്കും വാടകയ്ക്കെടുക്കാവുന്നതാണ് ഈ സേനകൾ. പണമുണ്ടെങ്കിൽ ലാദനുവേണ്ടിയും അമേരിക്കയ്ക്കുവേണ്ടിയും ഒരേ കമ്പനിതന്നെ പോരാളികളെ വിതരണം ചെയ്യുന്നതിൽ വലിയ വൈരുദ്ധ്യമില്ല അപ്പോൾ.*

*ആഗോളവല്ക്കരണത്തിന്റെ പുതിയ മേഖലകളിലൊന്ന് ഇത്തരം സേനകളുടേതാണ്. വമ്പിച്ച മൂലധനശേഷിയും, മനുഷ്യവിഭവശേഷിയുമുള്ളതിനാൽ ഈ കമ്പനി സേനകൾ ശക്തി സംഭരിക്കുന്നത് വളരെ വേഗത്തിലാകുന്നു. പാക്കിസ്ഥാനിലെ അബ്ദുൽ ഖാദിർ ഖാൻ ഈ മേഖലയിലെ മറ്റൊരുദാഹരണമാണ്. തന്റെ അറിവുകൾ പുത്തൻ കാലത്തിന്റെ സാധ്യതകളിൽ സമർത്ഥമായി വിന്യസിച്ച് വില്പന നടത്തിയത് അദ്ദേഹത്തിന്റെ വിജയംതന്നെ. ഇനിയുമൊത്തിരി ഖാദിർഖാന്മാർ വരാനിരിക്കുന്നതേയുള്ളൂ. പണംകൊണ്ട് പണം പിടിക്കുന്ന ലളിതമായ പ്രത്യയശാസ്ത്രം ഏറെ സമർത്ഥമായി ഉപയോഗിക്കുന്നവരാണ് ആഗോള കുത്തക കമ്പനികൾ. അപ്പോൾ ആണവരഹസ്യങ്ങൾ വില്ക്കുന്ന ഖാദിർ ഖാന്മാരും, പണം കൊടുത്ത് സേനയെ സൃഷ്ടിക്കാൻ വൻകിട കമ്പനികളും ഉണ്ടാകുമ്പോൾ ആണവകരാറുകളുടെ പ്രസക്തി എന്താണ്? ഒന്നേയുള്ളൂ, അമേരിക്കൻ കേന്ദ്രീകൃത കോർപ്പറേഷനുകളുടെ ലാഭം സ്ഥിരപ്പെടുത്തുക. അതിനായി പുതിയ യുദ്ധമുറകളും, സന്നാഹങ്ങളും പുതുതായി ലോകം കാണാനിരിക്കുന്നതേയുള്ളൂ.*

(5-ാം പേജിൽനിന്ന്)

വിളമ്പുന്നു. കൂട്ടിന് ഉപ്പിലിട്ട പച്ചക്കറിക്ക്ഷണങ്ങളുണ്ട്. സിറ്റിയിലെ സ്ഥിരം-താല്ക്കാലിക ഭക്ഷണശാലകളിൽ ഏതുതരം ഉപ്പിലിട്ടതും സുലഭമാണ്. ബീറ്റ്റൂട്ടിൽ തുടങ്ങി പപ്പായവരെ അത് നീളുന്നു. ഭക്ഷ്യസാധനങ്ങൾ ആസ്വദിച്ചുകഴിക്കുന്ന യുവജനങ്ങൾ സംതൃപ്തിയോടെ അടുത്ത പ്ലേറ്റിനായി തിരക്ക് കൂട്ടുന്നു. വിചിത്രമായ ഒരു നാൾവഴി ഇവിടെ കാണപ്പെടുന്നുണ്ട്. കാരണം ഈ വഴിയോര റമദാൻ വാണിഭത്തിനെതിരെ ചില മൗലിക സംഘടനകൾ രംഗത്ത് വന്നിരുന്നു. എന്നാൽ, എതിർപ്പിന്റെ ദാർഢ്യം തിരക്കിനെ കുറക്കുന്നില്ല.

V

ഭക്ഷണശാലകൾ കണ്ണൂരിൽ നാഷണൽ ഹൈവേ റോഡിലെ ചേംബർഹാൾ മുതൽ ഒരു കി.മീ.ഓളം നീളത്തിൽ സിറ്റിയുടെ ഹൃദയഭൂമിവരെ നീളുന്നുണ്ട്. എല്ലാ സ്റ്റാളുകളിലും കച്ചവടം തകൃതിയായി നടക്കുന്നുമുണ്ട്. നിദ്രാവിഹീനമായ രാത്രികളിൽ മിക്ക കച്ചവടക്കാരും



തങ്ങളുടെ വരവ് എണ്ണിക്കൊണ്ടേയിരിക്കുന്നു. ഐശ്വര്യത്തിന്റെ റമദാൻ ഇവിടെ പ്രത്യക്ഷപ്പെടുന്നു.

VI

ഭോജനശാലകളിൽ ശബ്ദായമാനമായ തിരക്ക്. തിരക്കിന്റെ നടുവിൽ പൊട്ടിച്ചിരികളും നർമ്മവും. കടുത്ത എരിവിന്റെ തീഷ്ണതയിൽ ഒരു ഗ്ലാസ് വെള്ളം ചോദിക്കുന്നുണ്ട്, ചിലർ. മറ്റുചിലർ പൈസ തീർന്നുപോയ സങ്കടത്തിൽ സുഹൃത്തിനോട് അടുത്തചിക്കൻ ആവശ്യപ്പെടുന്നു. സ്വാദ് നാവിൽനിന്ന് ആത്മാവിലേക്കും പടർത്തേണ്ടതുണ്ട്. ചരിത്രത്തിന്റെ നനുത്ത പടങ്ങുകൾ ചാർത്തിയിരിക്കുന്ന ജമാഅത്ത് പള്ളിയിലെ വിളക്കുകളുടെ ശോണിമയിൽ നാട് തിളങ്ങുന്നു. കത്തിപ്പടരുന്ന ദീപജ്വാലകൾക്കും നിറഞ്ഞുതുളുമ്പുന്ന ഭോജനശാലകൾക്കുമപ്പുറത്ത് പള്ളിയിൽ തറാവിഹ് നമസ്കാരം ഇപ്പോഴും തുടരുന്നു.........

(7-ാം പേജിൽനിന്ന്)

മ്പോൾ അസീസ് സാഹിബിന്റെ മനസ്സിൽ സത്യസന്ദേശത്തിന്റെ വാഹകനായതിലുള്ള സന്തോഷമുണ്ട്. തനിക്കും സഹോദരനും ശേഷം മാതാപിതാക്കളും ബയ്അത്ത് ചെയ്തത് വലിയ ചാരിതാർത്ഥ്യമുളവാക്കുന്നു. അസീസ് സാഹിബിന്റെ ഉമ്മ ബയ്അത്ത് ചെയ്യുന്നതിന് മുമ്പേ തന്നെ ജമാഅത്തിന്റെ പുസ്തകങ്ങൾ മിക്കതും വായിച്ചറിഞ്ഞിരുന്നു. ദീപ്തമായ അവരുടെ മനസ്സിലേക്ക് ദൈവനിയുക്തിയുടെ പൊരുൾ നല്കാൻ തനിക്ക് ഭാഗ്യം ലഭിച്ചത് കെ. അബ്ദുൾ അസീസ് സാഹിബ് ഒരു ദൗത്യമായിത്തന്നെ കാണുന്നു. മാതാവിന്റെ സ്നേഹദീപ്തിയിൽ അദ്ദേഹം ആർദ്രനാണ്......

കെ. അബ്ദുൽ അസീസ് അവിഭക്ത കണ്ണൂർ മജ്‌ലിസിൽ 1986 മുതൽ മൂന്നു തവണ ഖാഇദ് ആയിരുന്നു. 2001 മുതൽ കണ്ണൂർ ടൗൺ ജമാഅത്തിന്റെ സയിം അൻസാറുല്ലായും തഅ്‌ലിം സിക്രട്ടറിയുമായി സേവനം ചെയ്തുവരുന്നു. പ്രഗത്ഭ വോളിബോൾ താരമായ അസീസ് സാഹിബ് ജില്ലാതലത്തിൽ പല ടീമുകളുടേയും മുൻനിര കളിക്കാരനായിരുന്നു. മുൻമന്ത്രി കെ. സി. വേണുഗോപാൽ ഉൾപ്പെടുന്ന പ്രശസ്തർ ഇദ്ദേഹത്തിന്റെ സഹകളിക്കാരായിരുന്നു. എൻ. മഹ്മൂദ് അഹ്മദ് സാഹിബിന്റെ മകൾ ആരിഫയാണ് ഭാര്യ. മൂന്നു മക്കൾ.

(7-ാം പേജിൽനിന്ന്)

പാതകത്തെ ഇതിവൃത്തമാക്കി നോവൽ രചിച്ച ക്രിസ്റ്റ്യൻ ബാലതന്നെ. ബാലയും ദാരിയൂസും തമ്മിൽ ദീർഘനാളായി പരിചയത്തിലായിരുന്നു. ബാലയുടെ ഭാര്യയുമായി ദാരിയൂസിന് ഉണ്ടായിരുന്നുവെന്ന് സംശയിക്കപ്പെട്ട അവിഹിത ബന്ധമായിരുന്നു കൊലപാതകത്തിന് കാരണം. ഈ കൊലപതാകത്തിന്റെ കഥതന്നെ വളരെ സമർത്ഥമായി നോവലാക്കി മാറ്റുകയും അതുവഴി ദശലക്ഷങ്ങൾ സമ്പാദിക്കുകയും ചെയ്ത സംഭവം ലോകചരിത്രത്തിൽ ആദ്യത്തേതാണത്രെ. ഏറെക്കുറേ 25 വർഷം ജയിൽവാസം ഉറപ്പിക്കാവുന്ന കുറ്റകൃത്യമാണ് ഇതെന്ന് പോളിഷ് പോലീസ് അധികാരികൾ പറയുന്നു.

തന്റെ കുറ്റകൃത്യത്തിൽ ക്രിസ്റ്റ്യൻ ബാലക്ക് വലിയ പശ്ചാത്താപമൊന്നുമില്ല. പോലീസ് പിടിച്ചെടുത്ത തന്റെ കമ്പ്യൂട്ടർ തിരികെ തരണമെന്നാണ് ബാലെ പ്രധാനമായും ആവശ്യപ്പെടുന്നത്. സംഭവം പുറത്തായയുടനെ രക്ഷപ്പെടുന്നതിനുവേണ്ടി താൻ മാധ്യമറിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയാണ് കഥ നിർമ്മിച്ചതെന്ന് ബാലെ പറഞ്ഞെങ്കിലും തെളിവുകൾ വളരെ വേഗം പുറത്തുവന്നു. കൊല്ലപ്പെട്ട ദാരിയൂസിന്റെ മൊബൈൽ ഫോൺ ഇന്റർനെറ്റ് വഴി വില്ക്കാൻ ശ്രമിച്ച ബാലയുടെ അബദ്ധമാണ് അവസാനം അദ്ദേഹത്തെ കുടുക്കിലാക്കിയത്. എന്തായാലും ഇത്തരം കൃതികളുടെ പശ്ചാത്തലങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണെന്നും പല രാജ്യങ്ങളിലും അധികാരികൾ ഇപ്പോൾ കരുതുന്നു. ക്രിസ്റ്റ്യൻ ബാലെ ഇതിനൊരു തുടക്കമായി എന്നു മാത്രം!!

## അറിയിപ്പ്

**കേരളത്തിലെ മജ്‌ലിസുകളിൽനിന്നും അൽഹഖിലേക്ക് വാർത്തകളും ഫോട്ടോകളും കൃത്യമായി ലഭിക്കുന്നില്ല. ഇത് ഈ വാർത്താപത്രത്തിന്റെ പ്രവർത്തനത്തിന് വിലങ്ങുതടിയാവുന്നു. ആയതിനാൽ, ഓരോ മജ്‌ലിസിലേയും ജമാഅത്തിലേയും വാർത്തകളും ഫോട്ടോകളും കൃത്യമായി അയക്കാനപേക്ഷ.**

*അയക്കേണ്ട വിലാസം:*

**എഡിറ്റർ,
അൽഹഖ്,
അഹ്മദിയ്യാ മുസ്‌ലിം
കോംപ്ലക്സ്,
കണ്ണൂർ- 1.**

## മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ ഇജ്തിമാഅ്

**ഒക്ടോബർ 23,24,25 തീയ്യതികളിൽ**

**ഖാദിയാൻ ദാറുൽഅമാനിൽ**

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - T. Sharafudheen, Editor - Shamsudheen, Kannur.